# സാഹിത്യകാരന്റെ സ്വാതന്ത്ര്യം

എഡിററർ
പി. ടി. ഭാസ്കരപ്പണിക്കർ

സോഷ്യലിസ്റ്റ് സാഹിത്യസമിതി
പ്രസിദ്ധീകരണം

894.8124

STEPS
സ്റ്റെപ്സ്
തിരുവനന്തപുരം

FOR FAVOUR OF REVIEW

# സാഹിത്യകാരന്റെ സ്വാതന്ത്ര്യം

## സോൾഷെനിത്സിൻ സംഭവത്തിന്റെ പശ്ചാത്തലത്തിൽ

10550

PC Library & Research Center

—സോഷ്യലിസ്റ്റ് സാഹിത്യസമിതി—

Malayalam

**SAHITYAKARANTE SWATANTRYAM**

(The Writer and his Freedom)

Collection of articles

Edited by

**P. T. Bhaskara Panicker**

First Published May 1974

Printed at
Navayugom Press, Trivandrum

Price Re 1/–

894.8124

Publishers
SOCIALIST SAHITYA SAMITHY
Trivandrum

Distribution
STEPS Trivandrum

# സാഹിത്യകാരന്റെ സ്വാതന്ത്ര്യം

സോൾഷെനിത്സിൻ

സംഭവത്തിന്റെ

പശ്ചാത്തലത്തിൽ


എഡിററർ

പി. ടി. ഭാസ്കരപ്പണിക്കർ



പ്രസാധകർ

സോഷ്യലിസ്റ്റ് സാഹിത്യസമിതി

തിരുവനന്തപുരം

STEPS

സ്റ്റെപ്പ്സ്, തിരുവനന്തപുരം

വില 1

# സോഷ്യലിസ്റ്റ് സാഹിത്യസമിതി

സോഷ്യലിസ്റ്റ് സാഹിത്യസമിതിയുടെ പ്രഥമ പ്രസിദ്ധീകരണം ആണ് സാഹിത്യകാരൻെറ സ്വാതന്ത്ര്യം.

സാഹിത്യകരനു് ചില സാമൂഹ്യബാധ്യതകൾ ഉണ്ടു്. അവ മറന്നുകൊണ്ടു് തങ്ങൾ തോന്നിയതൊക്കെ എഴുതും എന്നു ശഠിക്കുന്നവർ ഉത്തരവാദിത്വമുള്ള സാഹിത്യകാരന്മാരല്ല—ദന്തഗോപുരവാസികളാണു്. അവർക്കു ഭാവിയില്ല. സോഷ്യലിസത്തിലേയ്ക്കു നീങ്ങുന്ന ലോകത്തെ മുന്നിൽ കണ്ടുകൊണ്ടു്, അതിന്നു സഹായകമായ ശക്തികളെ ത്തന്നെ മനസ്സിലാക്കാൻ ഉതകിയവിധം സാഹിത്യകാരൻെറ സാമൂഹ്യവീക്ഷണം വളൎന്നാലെ അയാൾക്കു മികച്ച സാഹിത്യകൃതികൾ രചിക്കാനാവുകയുള്ളു.

എഴുത്തുകാരൻെറ സർവ്വതന്ത്ര സ്വാതന്ത്ര്യമെന്ന മിഥ്യ തകർക്കാനും സമൂഹത്തിൻെറ പുരോഗതിയിൽ എഴുത്തുകാരനും പങ്കാളിയാണെന്ന യാഥാൎത്ഥ്യം സ്ഥാപിക്കാനും പ്രവർത്തിക്കുന്ന, ലക്ഷ്യബോധവും ആദർശസ്ഥൈര്യവുമുള്ള സാഹിത്യകാരന്മാരുടെ സംഘടനയാണു് സോഷ്യലിസ്റ്റ് സാഹിത്യസമിതി.

## വിഷയവിവരം


| | |
|---|---|
| സാംസ്കാരികരംഗത്തെ കീടബാധ | 5 |
| ആരാണ് സാഹിത്യകാരൻ | 9 |
| ഗുലാഗ് ആർക്കിപെലഗോ എഴുതി ആത്മാവിനെ വിററു | 13 |
| വങ്കപ്രഭുക്കൾക്ക് സോവിയററുനാട്ടിൽ സ്ഥാനമില്ല | 19 |
| ദാരിദ്ര്യമോ പണക്കൊതിയോ | 25 |
| സോൾഷെനിത്സിൻെറ ദുരന്തം | 28 |
| മാതൃഭൂമി പ്രസിദ്ധീകരിക്കാത്ത കത്ത് | 36 |
| സാഹിത്യകാരൻെറ സ്വാതന്ത്ര്യവും മാർക്സിസവും | 48 |

# സാംസ്കാരികരംഗത്തെ കീടബാധ

ആപ്പിറം മധുരമുള്ളതുതന്നെ. പക്ഷെ, അതിലൊരു പുഴവിനെക്കണ്ടാൽ എന്തുചെയ്യണം? ഒരു കോലു കൊണ്ടു തോണ്ടിയെടുത്തു കളയണം, അത്രതന്നെ. സോവിയററു യൂണിയൻ, ലോകത്തൊഴിലാളിവർഗം രാപ്പകൽ അധ്വാനിച്ചുണ്ടാക്കിയ ആപ്പിറം മരമാണു്. അതിലെ പഴത്തിൽ സോറംഷെനിത്സിനെപ്പോലെയുള്ള പുഴക്കറം വളർന്നിരിക്കുന്നു. ഇത്തരം പുഴക്കളെ തോണ്ടിയെറിയാൻ അവർക്കറിയാം. അത് അവർ ചെയ്യു.

സോവിയററുയൂണിയൻ സമാധാന സ്ഥാപനത്തിന്നായി പുതിയൊരു മഹാപ്രയത്നത്തിൽ —സഖാവ് ബ്രെഷ്നേവിൻെറ നേതൃത്വത്തിൽ—ഏർപ്പെട്ടിരിക്കയാണു്. തെക്കുകിഴക്കൻ ഏഷ്യയിൽ അമേരിക്കൻ സാമ്രാജ്യത്വം കൊമ്പുകുത്തി. അണുവായുധങ്ങളെക്കുറിച്ചും ബാഹ്യാകാശ ഗവേഷണത്തെക്കുറിച്ചും അമേരിക്കക്കുപോലും സോവിയററുയൂണിയനുമായി ഒരു ഒത്തുതീർപ്പിലെത്തേണ്ടിവന്നു. യൂറോപ്പിലെ സംഘർഷാവസ്ഥക്കു ശമനമുണ്ടായി വരുന്നു. ഏഷ്യയിൽ സമാധാനത്തിൻെറ ശക്തികറം ജയിച്ചുമുന്നേറുകയാണു്. അറബിലോകത്തു പുതിയ ദേശീയതയുടേയും സ്വാതന്ത്ര്യബോധത്തിൻേറയും മുരുപ്പുച്ചകറം വളർന്നു സാമ്രാജ്യശക്തികളെ വെല്ലുവിളിക്കാൻ തുടങ്ങിയിരിക്കുന്നു. കോളനിഭരണത്തിന്നു ലോകത്തിലിനി സ്ഥാനമില്ലാത്ത നിലവന്നുകൊണ്ടിരിക്കുകയാണു്.

പക്ഷേ മുതലാളിത്തം വെറുതെ ഇരിക്കില്ല. സോവിയററുയൂണിയൻെറ സമാധാന പരിശ്രമങ്ങളെ പരാജയപ്പെടുത്താൻ പററിയ ഏററവും നല്ലവഴി എന്താണു്? സോഷ്യലിസത്തിലേക്കു നീങ്ങികൊണ്ടിരിക്കുന്ന ലോക ജനാധിപത്യ പ്രസ്ഥാനത്തെ, ആ പോക്കിൽ നിന്നു വഴിതെററിക്കാനുള്ള സൂത്രം എന്താണു്? ഈ ആലോചനകറക്കിടയിലാണു് സോറംഷെനിത്സിനെ നാടുകടത്തിയതു്. ലോകമുതലാളിത്തം അതിന്നിത്ര വലിയ പ്രാ

ധാന്യം നൽകുന്നതു് എന്തു കൊണ്ടാണു് എന്നു മനസ്സിലാക്കാൻ ആർക്കും കഴിയും. ആളുകളുടെ ശ്രദ്ധ സമാധാന പരിശ്രമങ്ങളിൽ നിന്നു തിരിച്ചുവിടാനുള്ള അടവാണിതു്.

ലോകമുതലാളിത്തം വിഷമഘട്ടത്തിലാണിന്നു്. അതിൻെറ ഡോളറിനും, യെന്നിന്നും, പവന്നും, ആശയത്തിനും വില ഇടിയുന്നു. അവരുടെ ആയുധശക്തിക്കുപോലും വിചാരിച്ച വിജയം നേടാൻ കഴിയുന്നില്ല. തമ്മിൽ തമ്മിലുള്ള മത്സരം മൂർഛരിക്കുകയാണു്. അവർ ഇന്ധനക്ഷാമവും ഭക്ഷണക്ഷാമവും കടലാസ്സുക്ഷാമവും മററല്ലാത്തരത്തിലുള്ള കൃത്രിമ ''ക്ഷാമങ്ങളും'' അനുഭവിക്കുകയാണു്. തൊഴിലില്ലായ്മയുവാക്കളെ വിപ്ലവബോധത്തിലേക്കു നയിക്കുന്നു. പഴഞ്ചൻ ആശയങ്ങൾക്കെതിരെ വിദ്യാർത്ഥികൾ ശക്തിയായ സമരം നടത്തുന്നു. ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ നേരെ ജനാധിപത്യവാദികൾ കടുത്ത പ്രഹരം നൽകുന്നു. സാമ്പത്തികമായും രാഷ്ട്രീയമായും മുതലാളിത്തത്തിനു നിൽക്കാൻ കഴിയാതായിരിക്കുന്നു. അതിൻെറ സംസ്കാരം ജീർണ്ണിച്ചു് മനുഷ്യത്വവിരുദ്ധമായ പ്രവണതകൾ പ്രകടിപ്പിക്കുന്നു. ഇതിനെ ഭൂരിപക്ഷം മനുഷ്യരും എതിർക്കുകയും ചെയ്യുന്നു.

സോഷ്യലിസ്ററു ശക്തികൾ, സമാധാനശക്തികൾ, സ്വാതന്ത്ര്യശക്തികൾ, പുതിയ സംസ്കാരത്തിൻെറ ശക്തികൾ പൂർവ്വാധികം കരുത്തു് നേടിക്കൊണ്ടിരിക്കുന്നു. സോഷ്യലിസത്തിൻെറ ഭാഗത്തേക്കു് ഏഷ്യനാഫ്രിക്കൻ ലാററിനമേരിക്കൻ ജനതകൾ തിരിയുന്നു ഇന്ത്യയെപ്പോലുള്ള രാജ്യങ്ങളിൽപ്പോലും മുതലാളിത്തത്തിൻെറ രീതികളെ തുരത്തുവാൻ ബഹുജനങ്ങളും യുവാക്കളും പുരോഗമനവളുകാദിം മുന്നോട്ടുവരുന്നു. സോവിയററ് ഇന്ത്യാ സൗഹൃദം എല്ലാ അടിസ്ഥാനമേഖലകളിലും സ്വാധീനം നേടിക്കൊണ്ടിരിക്കുന്നു. സോൾഷെനിത്സിനെന്ന വഞ്ചകനെച്ചൊല്ലി ഇവിടുത്തെ വൻ പത്രങ്ങളും സ്വതന്ത്ര ബുദ്ധിജീവികളും പുതിയ ''വീക്ഷ

ന്ന''ക്കാരും നടത്തുന്ന ചതിയും സൂത്രവും നമുക്കു് മനസ്സി ലാക്കാൻ കഴിയും. കമ്മ്യൂണിസ്റ്റു വിരുദ്ധ ''വീക്ഷ ണ''മാണിവർക്കെല്ലാമുള്ളതെന്നു കാണാം.

സോവിയററു വിരോധം ഏതു രൂപത്തിൽ വന്നാലും അതു ലോക സോഷ്യലിസ്റ്റു പ്രസ്ഥാനങ്ങളെ ക്ഷീണി പ്പിക്കുകയെ ചെയ്യൂ. ഇതു മനസ്സിലാക്കിയ കേരളത്തിലെ ബുദ്ധിജീവികൾ, സോൾഷെനിത്സിൻ സംഭവത്തെ അതിൻെറ ശരിയായ പശ്ചാത്തലത്തിൽത്തന്നെ കാണ ണം എന്നു കരുതിയാണു് ഈ കൊച്ചുപുസ്തകം തയ്യാറാ ക്കിയതു്. ഇതിലെ ഓരോ അദ്ധ്യായവും സോഷ്യലി സ്റ്റു സാഹിത്യ സമിതിക്കുവേണ്ടി ഓരോ സാഹിത്യ കാരൻ തയ്യാറാക്കിയതാണു്. അനുബന്ധമായിച്ചേർത്ത ലേഖനങ്ങൾ വിഷയത്തിൻെറ വിവിധ വശങ്ങൾ വ്യക് തമാക്കാനും സഹായിക്കുന്നു.

പുതിയ സംസ്കാരത്തിനുവേണ്ടി പൊരുതുന്നവർക്കു പുസ്തകം ഒരായുധമാണു്. പ്രത്യയശാസ്ത്ര രംഗത്തെ ഗറി ല്ലാ സമരത്തിനുതകിയ ഒരു ആയുധം എന്ന നിലക്കാ ണീ പുസ്തകം നിങ്ങളെ ഏൽപിക്കുന്നതു്. വർഗശത്രുക്കൾ ക്കെതിരായി എത്ര സമർത്ഥമായി ഇതിനെ ഉപയോ ഗിക്കാമൊ, അത്രയും നല്ലതു്. ജനങ്ങളിൽ ആശയക്കുഴപ്പ മുണ്ടാക്കുന്നതിനെ തടയാൻ വിപ്ലവകാരികളായ ബുദ്ധി ജീവികൾ ജാഗരൂകരായിരിക്കണം. സോവിയററു വി രോധവും മുതലാളിത്തഭക്തിയും കൈമുതലായുള്ളവർ ഈ പുസ്തകത്തെ വെറുക്കും. വെറുത്തുകൊള്ളട്ടെ.

കേരളത്തിലെ സോഷ്യലിസ്റ്റു ചിന്താഗതിക്കാ രായ ബുദ്ധിജീവികളുടെ മുമ്പിൽ ഈ പുസ്തകം സമർപ്പി ക്കുന്നതു തികഞ്ഞ ഉറപ്പോടെയാണു്. നമ്മുടെ നാട്ടിലെ സോൾഷെനിത്സിനുകളെ തുരത്താൻ നമുക്കു കഴിയും. സംസ്കാരത്തെ നശിപ്പിക്കുന്ന മൂഞ്ഞകളാണു് (ബ്രൗൺ ഹോപ്പർ) അവർ.

തിരുവനന്തപുരം — പി. ടി. ഭാസ്കരപ്പണിക്കർ

മേയ്ദിനം, 1974 — എഡിററർ

1

# ആരാണു യഥാർത്ഥ സാഹിത്യകാരൻ

## സോൾഷെനിത്സിനോ പാബ്ളോനെരൂദയോ

---

സോൾഷെനിത്സിൻ എത്ര വേഗം (ക) പ്രസിദ്ധി നേടി? അതാണു് മുതലാളിത്തത്തിന്റെ ഗുണം. അവർ ക്ഷിപ്ര പ്രസാദികളാണു്. തങ്ങളുടെ കൂടെ നിൽക്കുന്നവരെ വാനോളം ഉയർത്തും. വാതോരാതെ പുകഴ്ത്തും. അതിന്നവർ വേണ്ടത്ര പ്രസിദ്ധി കൊടുക്കും. പത്രങ്ങളിൽ വെണ്ടക്കയും മത്തങ്ങയുമായി (കടലാസ്സിന്നെത്ര ക്ഷാമമുണ്ടെങ്കിലും) അച്ചുനിരത്തും. 'മാതൃഭൂമി'യും കേരളത്തിലെ ഉൽപതിഷ്ണുക്കോൺഗ്രസ്സിന്റെ മുഖപത്രമായ 'വീക്ഷണവും' സോൾഷെനിത്സിന്റെ വക്കാലത്തുമായി വരും. അതൊക്കെ നാം കണ്ടു.

ആരാണു് സോൾഷെനിത്സിൻ എന്നു നമുക്കറിയാം. സോവിയറ്റു യൂനിയനിൽ നിന്നു നേരത്തേ പുറത്താക്കേണ്ടിയിരുന്ന ഒരു അഹംഭാവി. അദ്ദേഹം എഴുതിയ കഥകളും നോവലുകളുമെല്ലാം സോവിയറ്റു വിരോധം മുറ്റിയവയാണു്. മാർക്സിസത്തെ പുച്ഛിക്കുന്നവയാണു്. സോഷ്യലിസ്റ്റു സംസ്കാരത്തെ നിന്ദിക്കുന്നവയാണു്. അയാളെ നേരത്തെ മാക്സിം ഗോർക്കിയുടെ നാട്ടിൽനിന്നു പറഞ്ഞു വിടേണ്ടതായിരുന്നു. കെ. പി. ജി. പാടി:

സോവിയറ്റെന്നൊരു നാടുണ്ടത്രെ
പോവാൻ കഴിഞ്ഞെങ്കിലെന്തു ഭാഗ്യം !

ആ നാട്ടിൽ നിന്നാണു സോരംഷെനിത്സിനെ പുറത്താക്കിയിരിക്കുന്നതു്. അയാരംക്കാനാടിനെ അത്ര പുച്ഛമാണു്.

സാഹിത്യമെന്നാൽ തോന്നുന്നതു തോന്നിയപോലെ എഴുതലാണെന്നു ധരിച്ചു് മുടിയും കൃതാവും വളർത്തി നടക്കുന്ന ബുദ്ധിജീവികരം ഇവിടെയുണ്ടു്. ''ഞങ്ങരംക്കാരോടും കൂറില്ല. ഒന്നിനോടും മമതയില്ല. ആദർശം, ലക്ഷ്യം, കമ്മിററ്മെൻറ് ഇതൊന്നുമില്ല ഞങ്ങരംക്കു്. ഞങ്ങരം കഞ്ചാവിൽ നിന്നും മദ്യത്തിൽ നിന്നും അനുഭൂതികരം ഉരംക്കൊള്ളുന്നു. പണിയെടുക്കുന്ന തൊഴിലാളികളെപ്പററി എഴുതണമോ? വേറെ ആളെ നോക്കണം. ഗ്രാമീണ ജീവിതം ചിത്രീകരിക്കണോ? അതിനു ഞങ്ങളില്ല. ഞങ്ങരംക്കു നാടില്ല, വീടില്ല, സമൂഹമില്ല. ഭാഷയെപ്പോലും ഞങ്ങരം കണക്കാക്കുന്നില്ല.'' ഈ മാതിരി ജൽപിക്കുന്ന കോമാളികരംക്കു് തികച്ചുമൊരു നേതാവാണു സോരംഷെനിത്സിൻ എന്നു പറയാം. അവർ അയാളേയും കൊണ്ടു നടക്കട്ടെ.

പിന്നെ മററൊരു കൂട്ടരുണ്ടു്, സോരംഷെനിത്സിൻെറ പെട്ടിപ്പാട്ടു പാടാൻ. കമ്യൂണിസം ജീർണിക്കുകയാണെന്നു കരുതി ബൂർഷ്വാ തോണികളിൽക്കയറി അക്കരെപ്പററാൻ കാത്തിരിക്കുന്നവരുണ്ടു്. വിപ്ലവ പ്രസ്ഥാനം ഒററയടിപ്പാതയല്ല. ഇന്ത്യയുടെ സോഷ്യലിസത്തിലേക്കുള്ള മാർഗം കയററിറക്കങ്ങളുള്ളതാണു്. ഇതൊന്നും മനസ്സിലാക്കാതെ, കമ്യൂണിസത്തിന്നിനി ഇന്ത്യയിൽ ഭാവിയില്ലെന്നു കരുതി ബൂർഷ്വാ താവളങ്ങളിൽ ചെന്നു തമ്പടിച്ചവരാണു സോരംഷെനിത്സിൻെറ പുതിയ ആരാധകർ. അവർ ഇയാളെയും പേറി നടക്കട്ടെ.

പിന്നെ ഒരു കൂട്ടരുണ്ടു്—സോരംഷെനിത്സിനെ പോലും അവരെ സഹിക്കുമോ? പുതുതായി സ്വാതന്ത്ര്യം

നേടിയ രാജ്യങ്ങളിൽ, സോഷ്യലിസത്തിലേക്കൊരു നോട്ടമുണ്ട് അവിടത്തെ ജനങ്ങൾക്ക്. ഇതു വലിയ തകരാറായിക്കാണുന്ന അമേരിക്കൻ സാമ്രാജ്യത്വവും അതിന്റെ ഇരുട്ടടിക്കൂട്ടമായ സി. ഐ. എ. യും, ഈ അവസരം തികച്ചും ഉപയോഗിച്ചു. ''കണ്ടില്ലെ, ഇതാണു സോഷ്യലിസം. അവിടെ സ്വാതന്ത്ര്യമുണ്ടോ? സോൾഷെനിത്സിന്റെ അനുഭവം നോക്കു.'' ഇതാണു അവരുടെ പ്രചരണ പല്ലവി. ഇവരാണ്, സോൾഷെനിത്സിനെന്ന കുഴിയാനയെ കൊലയാനത്തലവനാക്കി എഴുന്നള്ളിച്ചു നടക്കുന്നതു്. അതോടൊപ്പം കൊട്ടും മേളവും!

'ഗുലാഗ് ആർക്കിപെലഗൊ' എഴുതിയ ഈ മനുഷ്യൻ, സോഷ്യലിസ്ററു മാതൃഭൂമിയെ ഒററികൊടുത്തതിലെന്താണു അത്ഭുതം? 'മാർക്സിസം വിയർപ്പും ചോരയും നാറുന്ന കുപ്പായ''മാണെന്ന പുതിയ നിർവചനം നൽകിയ ഈ ബുദ്ധിമന്തനെയാണോ സോവിയററു വിരുദ്ധന്മാർ കൊണ്ടുനടക്കുന്നതു്? മാർക്സിസത്തിന്നു ഇന്നുള്ളതിനേക്കാൾ അധികം ലോകപിൻതുണ കിട്ടിയ ഒരു കാലമുണ്ടായിട്ടുണ്ടോ? ശാസ്ത്രീയ സോഷ്യലിസം കാംക്ഷിക്കുന്നവർക്കു മാർക്സിസവും, ലെനിനിസവും പഠിക്കാതെ പററുമോ? ആ കുപ്പായം അഴിച്ചുകളയണമെന്നു സോൾഷെനിത്സിൻ റഷ്യക്കാരെ ഉൽബോധിപ്പിക്കുന്നു. അമേരിക്കൻ പണം കണ്ടാൽ ഇതും ഇതിലപ്പുറവും എഴുതും സോൾഷെനിത്സിൻ എന്നതിന്നു വേണ്ടത്ര തെളിവുണ്ടു്. അതിനാൽ ഇതും സഹിക്കാം.

സാഹിത്യം, സമൂഹത്തിൽ നിന്നു വേർപെട്ട എന്തൊ ഒന്നാണെന്നു കരുതുന്നവർ, ഇന്നല്ലെങ്കിൽ നാളെ സോൾഷെനിത്സിന്റെ നിലയിലെത്തും. മാതൃഭൂമിയെ വഞ്ചിക്കും. നാടുവിടേണ്ടിവരും.

മുതലാളിത്തത്തിൽ എന്തൊരു ചിന്താസ്വാതന്ത്ര്യം? അതെ, അതെ. പാബ്ലോനെരൂദ ഇന്നെവിടെയുണ്ട്? അദ്ദേഹത്തെക്കൊന്നതു ആരാണ്? സോഷെനിത്സിനെ സോവിയററു വിരുദ്ധനാക്കാൻ ശ്രമിച്ച അതെ സി. ഐ. എ. യല്ലെ, വിപ്ലവ കവിയായതിന്നു പാബ്ലൊനെരൂദയെ കൊന്നതു്? അതാണു മുതലാളിത്തം. കവിയെ കൊല്ലുക, അലൻഡെയെ കൊല്ലുക, കോർവലാനെ തടവിലിടുക. അതിനൊന്നും ആക്ഷേപം പ്രകടിപ്പിക്കാത്തവർ സോഷെനിത്സിനുവേണ്ടി കൂവുന്നു. മാറത്തടിച്ചു നിലവിളിക്കുന്നു.

ഈ കോപ്രാട്ടിത്തം അവസാനിപ്പിക്കാൻ നമുക്കു കഴിയണം. അതിന്നു ഇവിടെയുള്ള സോഷ്യലിസ്ററഭിപ്രായമുള്ള സാഹിത്യകാരന്മാർ ഒന്നിച്ചുനിൽക്കണം. കർഷകൻേറയും തൊഴിലാളിയുടേയും നേരെ നോക്കി എഴുതണം. അതുപോലെത്തന്നെ ജനശത്രുക്കളെ ആഞ്ഞടിക്കാനും കഴിയണം. അമേരിക്കൻ സാമ്രാജ്യത്വവും, ഇന്ത്യയിലെ കുത്തകഭരണവും, ഇവടുത്തെ ഭൂപ്രഭുത്വവും അവരുടെയെല്ലാം പിൻതിരിപ്പൻ ശക്തികളുമാണ് സോഷെനിത്സിൻെറ ഗായകസംഘം.

ഇവിടുത്തെ പുരോഗമനേച്ഛുക്കളെല്ലാം, സോഷ്യലിസ്റ്റു മനോഭാവക്കാരെല്ലാം, പാബ്ലോനെരൂദയുടെ ഭാഗത്താണ്. സോഷെനിത്സിന്നെതിരുമാണ്. കാരണം പാബ്ലൊനെരൂദ വിശ്വകവിയാണ്. സോഷെനിത്സിനാകട്ടെ ''ആപ്പിളിലെ പുഴ''വും.

സോഷെനിത്സിൻ ,,ആപ്പിളിലെ പുഴ'' വാണ് എല്ലാഅർത്ഥത്തിലും.

പാബ്ലൊനെരൂദയാണു വിശ്വകവി; വിപ്ലവകവി.

## ഗുലാഗ് ആർക്കിപെലഗൊ എഴുതി

# ആത്മാവിനെ വിററു

മുതലാളിത്ത സംസ്കാരത്തിനു അലക്സാണ്ടർ സോൾഷെനിത്സിൻ നൽകിയ ഏററവും ഒടുവിലത്തെ സമ്മാനമാണ് ''ദ ഗുലാഗ് ആർക്കി പെലഗൊ 1918-56'' എന്ന കൃതി. മുതലാളിത്ത പത്രങ്ങളും പ്രസിദ്ധീകരണ മാദ്ധ്യമങ്ങളും തങ്ങളുടെ സുഹൃത്തിൽ നിന്നു ലഭിച്ച ഈ നവവത്സര സമ്മാനത്തെ ആടിപ്പാടിക്കൊണ്ടാടുകയുണ്ടായി. അതു ഏററുപാടാൻ 'ആർഷ' ഭാരതത്തിലും ആളുകളുണ്ടായി.

പുസ്തകം പാരീസിൽ അച്ചടിക്കുന്നതിനു മുമ്പുതന്നെ മുതലാളിത്ത ലോകത്തിലെ റേഡിയോ നിലയങ്ങളും മുഖ്യ പത്രങ്ങളും അതിൻെറ തിരഞ്ഞെടുത്ത ഭാഗങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങിയിരുന്നു. വിവിധ രാജ്യങ്ങളിൽ പുസ്തകത്തിൻെറ ജർമ്മൻ, ഇംഗ്ലീഷ്, സ്വീഡിഷ്, സ്പാനിഷ് തുടങ്ങിയ പരിഭാഷകൾ തയ്യാറാക്കിവരുന്നു. ബ്രിട്ടനിലെ 'ഓബ്സെർവർ', ഫ്രാൻസിലെ 'എൽ. 'എക്സ്പ്രസ്സ്' ' പശ്ചിമജർമ്മനിയിലെ 'ഡർ സ്പീഗൽ', അമേരിക്കയിലെ 'ന്യൂയോർക്കു ടൈംസ്', 'ഷിക്കാഗോ ട്രിബ്യൂൺ', കനഡയിലെ 'മോർണിങ്ങ് സ്റ്റാർ' തുടങ്ങിയ പത്രങ്ങൾ ഈ കൃതിയുടെ സംക്ഷിപ്തരൂപം തുടർച്ചയായി പ്രസിദ്ധീകരിക്കുകയുണ്ടായി. സോവിയററു യൂണിയനും കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾക്കും

എതിരായി പ്രചരണം നടത്തുവാൻ യു. എസ്. എ. യൂറോപ്പിൽ സ്ഥാപിച്ച ''റേഡിയോ ലിബർട്ടി'' ഈ പുസ്തകത്തിന്റെ പൂർണ്ണരൂപം റഷ്യനിൽ തന്നെ പ്രക്ഷേപണം നടത്തുകയുണ്ടായി റഷ്യക്കാർക്കുവേണ്ടിയാണത്. ലണ്ടനിലെ ബി. ബി. സി. യുടെ റഷ്യൻ പ്രക്ഷേപണ പരിപാടിയിലും ഈ പുസ്തകത്തിന്റെ ഉള്ളടക്കം നിരന്തരം പ്രക്ഷേപണം ചെയ്യുന്നു, ഇപ്പോഴും.

പുസ്തകത്തെക്കുറിച്ചും തൽകർത്താവിനെക്കുറിച്ചും ഉള്ള വാർത്തകൾ ബൂർഷ്വാ പത്രങ്ങളിൽ വലിയ തലക്കെട്ടുകളോടെ, പ്രതിദിനം വന്നുകൊണ്ടിരുന്നു മുതലാളിത്ത നാടുകളെ ഇപ്പോൾ കാര്യമായി അലട്ടുന്നതു ''എണ്ണക്കുഴപ്പ''മോ ''നാണയവീർപ്പോ'' അല്ല എന്നു തോന്നും ഇതു കണ്ടാൽ. സോൾഷെനിത്സിനും അദ്ദേഹത്തിന്റെ ''ആർക്കിപെലഗൊ''യും ആണു അവരെ അലട്ടുന്ന 'പ്രശ്നം'. സോവിയററു യൂണിയനെ തല്ലാൻ അവർക്കൊരവസരം ലഭിച്ചിരിക്കുന്നു. മുറിയുന്നതു 'ഗദയൊ വാലൊ' എന്നു നമുക്കു കാണാം.

എന്താണീ പുസ്തകം? ഈ ഒച്ചപ്പാടിന്നെന്തു കാരണം? ഇതിന്നു സാഹിത്യ മൂല്യം അശേഷമില്ലെന്നു് അതിന്റെ പ്രചാരകന്മാർ തന്നെ സമ്മതിക്കുന്നുണ്ടു്. എങ്കിലെന്താണു്? ലോക രംഗത്തു സംഘർഷ ലഘൂകരണത്തിനു് സോവിയററു യൂണിയൻ കൈക്കൊള്ളുന്ന നടപടികൾ വിജയിക്കുന്നതു ഇഷ്ടപ്പെടാത്ത സാമ്രാജ്യത്വ കേന്ദ്രങ്ങളുണ്ടു്. സ്ഥിതിഗതി പിന്നോട്ടാക്കാൻ കഴിയുമോ എന്നാണു് അവരുടെ നോട്ടം. സോൾഷെനിത്സിൻ അവക്കു് ഒരു ആയുധം കൊടുത്തിരിക്കുന്നു: ഗുലാഗ് ആർക്കിപെലഗൊ. അതുപയോഗിച്ച സോവിയററു യൂണിയനെതിരെ ദുഷ്പ്രചരണം നടത്തുകയും സംഘർഷ ലഘൂകരണത്തെ

തടസ്സപ്പെടുത്തുകയും ചെയ്യണമെന്നതാണ് ഇവരുടെ ആഗ്രഹം. ഇതിന്നുവേണ്ടി ചരിത്രത്തിന്റെയെന്നുവേണ്ട ആരുയുടേയും കഴുത്തു വളച്ചൊടിക്കുന്നതു അവർക്കൊരു പ്രശ്നമേ അല്ല.

## ലെനിൻ ജനശത്രുവാണത്രെ

സോൾഷെനിത്സിൻ വെറുക്കുന്നതു് സോഷ്യലിസ്ററു വിപ്ലവത്തെ മാത്രമല്ല; റഷ്യൻ ജനതയെക്കൂടിയാണ്. 'ദ ഫസ്ററു സർക്കിൾ'' ''കാൻസർ വാർഡ്'', ''ആഗസ്ത് പതിനാല്'' എന്നീ കൃതികളിൽതന്നെ ഈ വിരോധം കാണാം. ''ആർക്കിപെലഗോ'വിലും ഇതേ തൊഴിൽ തുടരുകയാണ് ഈ വിദഗ്ധൻ. അദ്ദേഹത്തിന്നു കോപം കൂടുതലാണെങ്കിലും സാഹിത്യ കൗശലം അത്രയില്ല. സോൾഷെനിത്സിൻ ഈ കൃതിയിൽക്കൂടി വല്ലാതെ അധഃപതിച്ചിരിക്കുന്നു. അദ്ദേഹം ഈ കൃതിയിൽ ലെനിനെ ''ജനശത്രു''വായാണു ചിത്രീകരിക്കുന്നതു്. ഒരു ബൂർഷ്വാപത്രം സന്തോഷപൂർവ്വം എഴുതുന്നു: ''ഗുലാഗിലെ നിർദ്ദയ വാഴ്ചക്കു് ഉത്തരവാദിയായി സോൾ ഷെനിത്സിൻ കുററപ്പെടുത്തുന്നതു ലെനിനെയാണ്''. ഇതിലധികം സന്തോഷിക്കാനെന്തുണ്ടു് ?

## ചുവപ്പുസേന–കൊലയാളിക്കൂട്ടമാണത്രെ

സോവിയററു യൂണിയനിൽ ശുദ്ധമോ, ആദരണീയമോ ആയി ഒന്നും തന്നെ കാണുന്നില്ല, സോൾഷെനിത്സിൻ. ''വിക്ടേഴ്സ് ഫീസ്ററു'' (ജേതാക്കളുടെ സദ്യ) എന്ന അദ്ദേഹത്തിന്റെ നാടകം ഇതിന്നു തെളിവാണു്. ഫാഷിസത്തിന്റെ പിടിയിൽ നിന്നു ലോകത്തെ വിമോചിപ്പിച്ച ചുവപ്പുസേനയെ കൊലയാളികളുടെ പെരുങ്കൂട്ടമായിട്ടാണു് ഈ കൃതിയിൽ വിവരിച്ചിട്ടു

ള്ളത്. അതോടൊപ്പം രണ്ടാം ലോക യുദ്ധകാലത്ത് സ്വന്തം നാട്ടിനെ വഞ്ചിച്ച നാസികളുടെ കൂടെ ചേർന്ന വ്ളാസോവ് എന്ന റഷ്യൻ വിഭീഷണൻ സോൾഷെനിത്സിൻെറ കണ്ണിൽ സർവഗുണ സമ്പന്നനായ ഒരു ഉത്തമ നായകനുമാണ്. മാതൃഭൂമിയുടെ മാനം കാക്കാൻ വേണ്ടി ജീവാർപ്പണം ചെയ്ത നിരവധി യുവതീ യുവാക്കളുടെ സ്മരണയെ അപമാനിക്കാനാണ് ഇതെഴുതിയത് എന്നു തോന്നും വായിച്ചാൽ. ഫാഷിസത്തിന്നെതിരായ സമരത്തിൽ ജീവാർപ്പണം ചെയ്തവരെ ഇത്രയും നീചവും നികൃഷ്ടവുമായി അവഹേളിച്ചവർ കമ്മ്യൂണിസ്ററു വിരുദ്ധർക്കിടയിൽപോലും കാണാൻ പ്രയാസമാണ്. സാമ്രാജ്യത്വമെ, ആഹ്ളാദിക്കു !........

## റഷ്യയോടു വിരോധം

''ജേതാക്കളുടെ സദ്യ''യിൽ ഒരിടത്തു ഒരു കഥാപാത്രത്തെക്കൊണ്ടു സോൾഷെനിത്സിൻ പറയിക്കുന്നു: ''ഭൂമിയിൽവച്ചു ഏററവും വഷളായ കാര്യം ഒരു റഷ്യക്കാരനായിത്തീരുക എന്നതാണെന്നു് ഈ യുദ്ധം തെളിയിച്ചിരിക്കുന്നു''. എന്തൊരു ദേശഭക്തി! സോൾഷെനിത്സിനെ റഷ്യയിൽ നിന്നു പുറത്താക്കിയതു തെററായെന്നു പറയുന്നവർക്കിതിനെപ്പററി ഒന്നും പറയാനില്ല. റഷ്യൻ വിരുദ്ധനായാലേ ബാങ്കുബാലൻസു കൂടുകയുള്ളൂ. അതാണു കാര്യം.

## ആപ്പിളിലെ പുഴു

റഷ്യൻ ജനത ഈ മനുഷ്യനെക്കാണുന്നതു ''ആപ്പിളിലെ പുഴു'' ആയിട്ടാണ്. സോൾഷെനിത്സിനെപ്പോലെ ജനപ്രിയത്വം നേടിയവരില്ലെന്നു സ്വന്തം 'ഹിതപരിശോധന' നടത്തി പറയുന്ന പത്രലേഖകന്മാർക്കു

വമ്പിച്ച നിരാശയാണു അനുഭവപ്പെട്ടതു്. ഇക്കാര്യം അവർ തന്നെ എഴുതി അറിയിച്ചിട്ടുണ്ടു്''.....ഒരൊററ സോവിയററു പൗരനും അദ്ദേഹത്തിന്നനുകൂലമായി സംസാരിച്ചില്ല.'' മുതലാളിത്തത്തിനുവേണ്ടി വാദിക്കുന്നവരെയുണ്ടോ സോവിയററു നാട്ടിൽ കിട്ടുന്നു?

സോഷ്യലിസ്ററു നിയമ വാഴ്ചയുടെ തത്വങ്ങൾ ലംഘിക്കപ്പെട്ടുന്നതാണു് സോൾഷെനിത്സിൻെറ അരിശത്തിനു കാരണമെന്ന ഒരു പ്രചരണമുണ്ടു്. അങ്ങനെയാണെങ്കിൽ ലെനിനാണു് മർദ്ദനഭരണത്തിന്നു ഉത്തരവാദി എന്നു പറയുമായിരുന്നുവോ? യഥാർത്ഥത്തിൽ അദ്ദേഹം സോവിയററു സമ്പ്രദായത്തിന്നും സോഷ്യലിസ്ററു സമൂഹത്തിനും റഷ്യൻ ജനതക്കും എല്ലാം എതിരാണു്. ഒക്ടോബർ വിപ്ലവം ചരിത്രത്തിൽ സംഭവിച്ച ഒരു അപകടമാണെന്നും അതിൻെറ ഫലങ്ങളെ ഇല്ലാതാക്കുക സാദ്ധ്യമാണെന്നും സോൾഷെനിത്സിൻ ഇന്നും വിശ്വസിക്കുന്നു. ചർച്ചിലിൻേറയും ഡള്ളസ്സിൻേറയും ശിഷ്യത്വമാണു് ഇദ്ദേഹം സ്വീകരിച്ചതു്.

സോൾഷെനിത്സിനും അദ്ദേഹത്തിൻെറ ബൂർഷ്വാ രക്ഷാധികാരികളും തമ്മിൽ പ്രത്യയശാസ്ത്രപരമായ ഒരു ബന്ധമാണുള്ളത്. സോഷ്യലിസ്ററു സമൂഹം നിലനിൽക്കില്ലെന്നാണു് സോൾഷെനിത്സിൻെറ വിചാരം. അതു തകരുമത്രെ.

സോവിയററുനാടിൻെറ ശൈശവത്തിൽത്തന്നെ ആ നാടിനെപ്പററി മുക്തകണ്ഠം പുകഴ്ത്തിയ രവീന്ദ്രനാഥടാഗോറെവിടെ? ഈ 'ആപ്പിളിലെ പുഴു' എവിടെ?

## ചായം തേച്ച പരസ്യപ്പലക

**സോൾ ഷെനിത്സിനെപ്പോലുള്ള ആളുകളെ ഉദ്ദേശിച്ചാവണം ലെനിൻ ഇങ്ങിനെ പറഞ്ഞതു്: ,,സ്വാത**

ന്ത്ര്യത്തേയും ജനാധിപത്യത്തേയും കുറിച്ച് നിങ്ങൾ വാതോരാതെ പറയുന്നു: പക്ഷേ അതു വഞ്ചനയാണ്; തത്തമ്മേ പൂച്ച പൂച്ച എന്ന ആവർത്തനമാണ്; പരിവർത്തനശാലിയാണെന്നു വരുത്തലാണ്. വെറും കാപട്യമാണത്. ചായം തേച്ച ഒരു പരസ്യപ്പലക മാത്രമാണ് നിങ്ങൾ. നിങ്ങളുടെ ആവേശം നീചത്വത്തിന്നുള്ളതാണ്. നിങ്ങളുടെ വിദ്യാഭ്യാസവും സംസ്കാരവും ഉൽബുദ്ധതയുമൊക്കെ നിങ്ങൾ വ്യഭിചരിക്കുന്നു. കാരണം നിങ്ങൾ നിങ്ങളുടെ ആത്മാവിനെയാണ് വില്ക്കുന്നതു്; എന്തെങ്കിലും പ്രത്യേകമായ ഒരു ആവശ്യത്തിന്നു വേണ്ടിയല്ല; അതു ചെയ്യുന്നതിലുള്ള സുഖംകൊണ്ടു് മാത്രം''.

സോൾഷെനിത്സിൻ, താൻചെയ്ത തെററു മനസ്സിലാക്കിയാലുമില്ലെങ്കിലും ലെനിൻെറ ഈ വിവരണം എത്ര ശരിയാണ്? ചായം തേച്ച പരസ്യപ്പലക !

## വെറുതെയല്ല

സോവിയററു യൂണിയന്നെതിരായതിന്നു അനേകം കോടി പവനും ഡോളറും സോൾഷെനിത്സിന്നു കിട്ടി. അതെല്ലാം അയാൾ ബാങ്കിലിട്ടു. ഇപ്പോൾ 'ബൂർഷ്വാ സ്വാതന്ത്ര്യം' ശ്വസിച്ചു സകുടുംബം സുഖിയ്ക്കുന്നു. ഇന്ത്യയിലും കേരളത്തിലും ആ മനുഷ്യനുവേണ്ടി പ്രാർത്ഥിക്കുകയും വാദിക്കുകയും ചെയ്യുന്നവരുണ്ടു്. പട്ടിണിയായാലെന്താ? പണിയില്ലെങ്കിലെന്താ? ''സ്വാതന്ത്ര്യ''മുണ്ടല്ലൊ.

# 3

## വങ്ക പ്രഭുക്കൾക്ക്
## സോവിയററു നാട്ടിൽ സ്ഥാനമില്ല

സോഠംഷെനിത്സിനെ സോവിയററു യൂണിയനിൽ നിന്നു പുറത്താക്കിയപ്പോഠം അതിനെപ്പററി മുതലാളി പത്രങ്ങളും ചില ഇന്ത്യൻ പത്രങ്ങളും വലിയ ഒച്ചപ്പാടുണ്ടാക്കി. വ്യക്തിയുടെ അവകാശങ്ങളുടെ നേരെയുള്ള ഒരു അതിക്രമണമായും സോവിയററു യൂണിയനിൽ നിയമവാഴ്ച ഇല്ലാത്തതിനു് ഒരു തെളിവായും ഈ നടപടിയെ വ്യാഖ്യാനിക്കാൻ അവർ പരമാവധി ശ്രമിച്ചു. വലിയ ഫലം ഉണ്ടായില്ല എന്നതു ശരിതന്നെ. പക്ഷേ അവർ ശ്രമിച്ചു. അതിനു ബൂർഷ്വാപത്രങ്ങഠം സർട്ടിഫിക്കററും കൊടുത്തു.

സോഠംഷെനിത്സിനെ പുറത്താക്കി അധികം നാളാകുന്നതിനു മുമ്പ് മദ്രാസിലെ പ്രചാരമുള്ള ഒരു ദിനപത്രം ന്യൂയോർക്കു് ടൈംസിൽ നിന്നുള്ള ഒരു ലേഖനം എടുത്തു ചേർക്കുകയുണ്ടായി. ഏറെ കൊട്ടിഘോഷിക്കപ്പെട്ടിട്ടുള്ളഗുലാഗ് ആർക്കി പെലാഗോവിന്റെ ഒരു ഭാഗമായിരുന്നു ഇതു്. ന്യൂയോർക്കു് ടൈംസും മദ്രാസ് പത്രവും ഇതു് പ്രസിദ്ധീകരിച്ചതിനു് ഒരു ഉദ്ദേശമുണ്ടു്. വാസ്തവത്തിൽ പ്രസ്തുത 'മാസ്റ്റർ പീസി'ന്റെ ആദ്യത്തെ രണ്ടു ഭാഗങ്ങഠം മാത്രമെ ഫ്രാൻസിൽ പ്രസിദ്ധീകരിച്ചിട്ടുള്ളു. അമേരിക്കയിലാകട്ടെ ഈ രണ്ടു ഭാഗങ്ങളുടെ ഇംഗ്ലീഷ് തർജ്ജമ വരുന്നെ ഉള്ളു. ന്യൂയോർക്കു

ടൈംസിൽ വന്നതു് സോൾഷെനിത്സിൻെറ കൃതി യുടെ ഏഴാം ഭാഗത്തിനുള്ള മുഖവുരയിൽ നിന്നൊരു ഭാഗ മാണു്. ന്യൂയോർക്ക ടൈംസിനു് എവിടെ നിന്നാണി തു് കിട്ടിയതു്? സോൾഷെനിത്സിനിൽ നിന്നുതന്നെ. പാശ്ചാത്യ ലോകത്തു് എത്തിയ ഉടനെ ഈ ഭാഗം അദ്ദേ ഹം പ്രസിദ്ധീകരിച്ചു. ഇതിനു് വ്യക്തമായൊരു ഉദ്ദേശ മുണ്ടായിരുന്നു. സോവിയററു വ്യവസ്ഥയിൽ 'നിയമരാ ഹിത്യ'മാണുള്ളതെന്നു് അദ്ദേഹം ഈ ഭാഗത്തു് ആരോ പിച്ചിട്ടുണ്ടു്. അങ്ങനെ പാശ്ചാത്യ പത്രങ്ങൾക്കു് 'നേ രിട്ടുള്ള വിവരം' നൽകുകയാണു് അദ്ദേഹം ചെയ്തതു്. ഈ വിവരമുപയോഗിച്ച ആ പത്രങ്ങൾക്കു് 'സോവിയ ററു യൂണിയനിൽ ശരിയായ നിയമവാഴ്ചയില്ലെ'ന്നു് മുറവിളി കൂട്ടാമല്ലോ.

## സോവിയററിനെതിരായ വാദങ്ങൾ

പത്രങ്ങൾ എടുത്തുദ്ധരിച്ചിട്ടുള്ള ഭാഗത്തിൽ സോവി യററു അധികാരികൾ തങ്ങൾ വെറുക്കുന്നവർക്കെതിരാ യി പുതിയ നിയമങ്ങൾ പൂർവ്വകാല പ്രാബല്യത്തോടെ നടപ്പാക്കുന്നതായി സോൾഷെനിത്സിൻ ആരോപി ക്കുന്നു. ഈ ആരോപണം തെളിയിക്കാൻ ഊഹക്കച്ചവട ക്കാരുടെയും അഴിമതിക്കാരുടെയും ഉദാഹരണങ്ങളാണു് അദ്ദേഹം എടുത്തു നിരത്തുന്നതു്. കുററവാളികളുടെ മേലു ള്ള ശിക്ഷ വർദ്ധിപ്പിക്കണമെന്നോ അവരെ വധിക്കണ മെന്നോ പ്രാദേശിക ഭരണകർത്താക്കൾ അപേക്ഷിച്ചാൽ ആ അപേക്ഷ ചെവിക്കൊള്ളപ്പെടുന്നു എന്നതാണു് സോൾ ഷെനിത്സിൻെറ ആരോപണം.

വാസ്തവത്തിൽ ഈ ആരോപണം രണ്ടു സത്യങ്ങൾ കാട്ടിത്തന്നു.

ഒന്നാമത്ത് ഊഹക്കച്ചവടക്കാരേയും അഴിമതിക്കാരേയും പോലുള്ള സാമൂഹ്യവിരുദ്ധരെ കർശനമായി ശിക്ഷിക്കാൻ സോവിയററു ഗവണ്മെൻറു ഒരിക്കലും മടിക്കുന്നില്ല.

രണ്ടാമത്തു ഇത്തരം സാമൂഹ്യ വിരുദ്ധരെ കൈകാര്യം ചെയ്യുമ്പോൾ ജനങ്ങളുടെ അഭിപ്രായങ്ങളും വികാരങ്ങളും പരിഗണിക്കുവാൻ സോവിയററു ഗവണ്മെൻറു സന്നദ്ധമാണ്. സാങ്കേതികത്വത്തിൻെറ പഴുതിൽ കൂടി ഏതു കള്ളനും കൊലപാതകിക്കും പണമുണ്ടെങ്കിൽ രക്ഷപ്പെടാം—അതാണു ബൂർഷ്വാ നിയമം. അതു സോവിയററു യൂണിയനിലും വേണമെന്നാണൊ ''ആപ്പിളിലെ പുഴു''വിൻെറ വാദം?

## ജനദ്രോഹികളെ എന്തുചെയ്യണം

ഭക്ഷ്യധാന്യത്തിൽ മായം ചേർക്കുക, മയക്കുമരുന്നുകൾ കള്ളക്കടത്തു നടത്തുക, ഔഷധങ്ങളെന്ന പേരിൽ കൃത്രിമൌഷധങ്ങൾ നിർമ്മിക്കുക, അത്യാവശ്യസാധനങ്ങളിലും ഭക്ഷ്യപദാർത്ഥത്തിലും കരിഞ്ചന്ത നടത്തുക, കൈക്കൂലി വാങ്ങുക, അഴിമതി നടത്തുക തുടങ്ങിയ കൃത്യങ്ങളിലേർപ്പെടുന്ന സാമൂഹ്യവിരുദ്ധർ മുതലാളിത്ത രാജ്യങ്ങളിൽ അവരുടെ പണവും സ്വാധീനവും കാരണം നിർബ്ബാധം രക്ഷപ്പെടുന്നു. ചിലപ്പോൾ വളരെ ചെറിയൊരു പിഴ അടക്കുകയോ മററോ വേണ്ടിവരും; അത്രതന്നെ. ഇതൊക്കെ ഇന്ത്യയിൽ നമുക്കറിയാവുന്ന കാര്യങ്ങളാണ്. ''സോഷ്യലിസത്തിലും'' ഇതു നടക്കണമെന്നാവും സോൾഷെനിത്സിൻെറ ആഗ്രഹം!

**സോഷ്യലിസ്ററു വ്യവസ്ഥ എല്ലാവർക്കും ജോലിയെടുക്കാനും മാന്യമായൊരു ജീവിതം നയിക്കാനുമുള്ള**

അവകാശത്തിനുറപ്പു നൽകുന്നു. സ്വാർത്ഥവും ദുരയും കാരണം മററുള്ളവരെ ചൂഷണം ചെയ്യുകയും കബളിപ്പിക്കുകയും അവരുടെ അദ്ധ്വാനവും ആരോഗ്യവും ക്ഷേമവും ജീവൻതന്നെയും വിററു കാശാക്കാൻ മുതിരുകയും ചെയ്യുന്ന സാമൂഹ്യവിരുദ്ധരെ സോഷ്യലിസ്ററു വ്യവസ്ഥക്ക് വെച്ചു പൊറുപ്പിക്കാനാവില്ല, വെച്ചു പൊറുപ്പിക്കുകയുമില്ല.

ഇത്തരം സാമൂഹ്യവിരുദ്ധരെ മുക്കാലിയിലിട്ടു തല്ലണമെന്ന് ആവശ്യപ്പെടുന്നവരാണ് ലോകത്തിലധികം പേരും. ബങ്കാളം ക്ഷാമമുണ്ടാക്കിയ കരിഞ്ചന്തക്കാരെഏററവുമടുത്ത വിളക്കുകാലിന്മേൽ തൂക്കിക്കൊല്ലണമെന്ന് പരേതനായ പണ്ഡിററ് ജവാഹർലാൽ നെഹ്റു തന്നെ പറയുകയുണ്ടായി. എന്നാൽ ഊഹക്കച്ചവടക്കാരുടെയും അഴിമതിക്കാരുടെയും മററു സാമൂഹ്യവിരുദ്ധരുടെയും പേരിൽ കണ്ണീർ പൊഴിക്കുന്ന സോൾഷെനിത്സിനാകട്ടെ സാമൂഹ്യവിരുദ്ധരെ കൊലപാതകികളെന്ന നിലയിൽ ശിക്ഷിച്ച ജഡ്ജിമാരെ ദുഷിക്കുവാനും അവരെ ആദരിക്കാത്ത ജനങ്ങളേയും ഗവണ്മെൻറിനെയും ഭർത്സിക്കുവാനുമാണ് തുനിയുന്നത്.

## സ്ത്രീത്വത്തെ അപമാനിച്ചവർ

സോൾഷെനിത്സിൻെറ ''ഗുലാഗ് ആക്കിപെലഗോ''വിൽ ആദ്യത്തെ താളുകളിൽതന്നെ സോൾഷെനിത്സിൽ ''നിരപരാധികളായ മൂന്നു പീഡിതരുടെ'' കഥ പറയുന്നുണ്ട്. ഈ കഥ സാമൂഹ്യവിരുദ്ധരുടെ നേരെ സോൾഷെനിത്സിനുള്ള മനോഭാവത്തെ വെളിപ്പെടുത്തുന്നു. സോൾഷെനിത്സിൻ ഈ മൂന്നു 'നിരപാധികളോട്'' അവരെ എന്തിനാണ് അറസ്ററുചെയ്തതെന്ന് ചോദിച്ചപ്പോൾ തങ്ങൾക്ക് അതേപ്പററി യാതൊരു വി

വരവുമില്ലെന്നു് അവർ പറഞ്ഞുവത്രെ. എന്നാൽ അറസ്ററുചെയ്യപ്പെട്ടതിന്റെ കാരണങ്ങളെപ്പററി കുറച്ചൊരു വിവരം അവർക്കുണ്ടായിരുന്നു. കാരണമെന്തെന്നോ? പട്ടാളക്കാരായിരുന്ന ഈ മൂന്നുപേരും ഡ്യൂട്ടിയിലിരുന്ന സമയത്തു് മൂക്കററം കുടിച്ചു് സ്ത്രീകളെ ബലാൽസംഗം ചെയ്യാൻ ശ്രമിച്ചു. ഇതു് അവർക്കെതിരായി കരുതിക്കൂട്ടി മെനഞ്ഞുണ്ടാക്കിയ ഒരാരോപണമായിരുന്നുവോ? അവർ തന്നെ പറഞ്ഞതാണിതെന്നു് സോൾഷെനിത്സിൻതന്നെ സമ്മതിക്കുന്നു. ഈ മൂന്നുപേരെപ്പററി സോൾഷെനിത്സിനുണ്ടായ നിഗമനമെന്താണു്? 'അവർ നിഷ്കന്മഷമായ, സാധാരണ പട്ടാളക്കാരുടെ ഹൃദയമുള്ളവരായിരുന്നു' എന്നാണു് കുടിച്ചു ബലാൽസംഗം നടത്തിയ ഇവരെപ്പററി സോൾഷെനിത്സിൻ എഴുതുന്നതു്. ''അവർ മൂന്നുപേരും ഓഫീസർമാരായിരുന്നു'' എന്നും അദ്ദേഹം കൂട്ടിച്ചേർക്കുന്നുണ്ടു്. ഓഫീസറാണെന്നു പറഞ്ഞാൽ ഉൽകൃഷ്ടരാണെന്നു് വ്യക്തമാകുമെന്നാണു് അദ്ദേഹം ധരിച്ചിരിക്കുന്നതു് എന്നു തോന്നുന്നു.

ഡ്യൂട്ടിയിലിരുന്ന സമയത്തു് മൂക്കററം കുടിച്ചു് രണ്ടു സ്ത്രീകളെ ബലാൽസംഗം ചെയ്യുകയും ഗുരുതരമായ ഈ കുററത്തിനു് അറസ്റ്റു് ചെയ്യപ്പെടുകയും ചെയ്ത മൂന്നു ഓഫീസർമാരെയാണു് 'നിരപരാധികളായ പീഡിതരായി' സോൾഷെനിത്സിൻ കാണുന്നതു്.

## ബൂർഷ്വാ സ്വാതന്ത്ര്യം

സോവിയററു് വ്യവസ്ഥ, അവിടുത്തെ നിയമവാഴ്ച, അച്ചടക്കം, സദാചാരം എന്നിവയോടുള്ള ശത്രുതയും വെറുപ്പും കൊണ്ടു് സോൾഷെനിത്സിൻ ഉന്മത്തനും ഭ്രാന്തനുമായിരിക്കുന്നു. കുടിച്ചു് ബലാൽസംഗം ചെയ്യ

ന്നവരെ നിരപരാധികളായി ന്യായീകരിക്കാനും അങ്ങിനെ സോവിയററ് വ്യവസ്ഥയിലെ 'നിയമരാഹിത്യമാ'യി കുററപ്പെടുത്താനും മുതിരുന്നതു സോഷ്യലിസ്റ്റ് ജനാധിപത്യവും സദാചാരവും എത്രമോശമാണെന്നു കാണിക്കാനാണ്. സോഷ്യലിസത്തെ തന്നെ നിഷേധിക്കാൻ വേണ്ടിയാണ്. ഇതു തികച്ചും വ്യക്തമാണ്. മുതലാളിത്തത്തിൻെറ പ്രത്യയശാസ്ത്രകാരന്മാർ സോംഷെനിത്സിൻെറ കൃതി സന്തോഷപുരസ്സരം ഏററെടുത്തിട്ടുണ്ട്. സോഷ്യലിസ്റ്റ് വ്യവസ്ഥയുടെ ''പാതകങ്ങൾ'' തുറന്നുകാട്ടുവാൻ അവർക്കൊരാളെ കിട്ടിയല്ലൊ.

ബൂർഷ്വാസിക്ക് അഭിപ്രായ സ്വാതന്ത്ര്യം എന്നാൽ ഒരർഥമേയുള്ളു: സോവിയററു വിരോധം. വ്യക്തിസ്വാതന്ത്ര്യം, നിർമാണസ്വാതന്ത്ര്യം എന്നൊക്കെ പറയുമ്പോൾ അതിന്നർഥം കമ്മ്യൂണിസ്ററു വിരോധം എന്നുതുമാത്രം.

കമ്മ്യൂണിസത്തിനെതിരാണു ബൂർഷ്വാ ''സ്വാതന്ത്ര്യ''ങ്ങളെല്ലാം തന്നെ.

# ദാരിദ്ര്യമോ പണക്കൊതിയോ?

സോൾഷെനിത്സിൻ കഴിഞ്ഞ കുറച്ചു മാസങ്ങളായി മുതലാളിത്ത പത്രങ്ങളിലെ പ്രധാന വാർത്തയായിരുന്നു. അഭിപ്രായ സ്വാതന്ത്ര്യത്തിനുവേണ്ടി ജീവിതം ഉഴിഞ്ഞുവെച്ച ഒരു ''ദരിദ്ര രക്തസാക്ഷി''യാണ് അദ്ദേഹം എന്നാണവർ ചിത്രീകരിച്ചത്. ഏതായാലും ഈ 'ദരിദ്രനെ' സോവിയററ് യൂണിയനിൽ നിന്നു പുറത്താക്കിയതോടെ ചിത്രം മാറിയിരിക്കുന്നു. സോൾഷെനിത്സിൻ കഥകൾ മുതലാളി പത്രങ്ങളുടെ അകം പേജുകളിലേക്ക് മാറിത്തുടങ്ങിയിരിക്കുന്നു. താമസിയാതെ അവ അവസാന പേജുകളിലേക്കും മാറും. പിന്നെ അങ്ങിനെ ഒരാളെപ്പററി കേൾക്കാതെയും ആവും.

## വേട്ടയാടപ്പെട്ടുന്നു!

മുതലാളിത്ത നാടുകളിൽ നിന്നു വരുന്ന വാർത്താകുറിപ്പുകൾ പ്രകാരം ഈ സാഹിത്യകാരൻ വേട്ടയാടപ്പെട്ടുകൊണ്ടിരിക്കുകയാണ്. പക്ഷെ അമേരിക്കയിലെ ഒരുവൻ വ്യാപാരിയെപ്പോലും അസൂയാലുവാക്കുന്ന തരത്തിൽ ഒരു വിദേശ ബാങ്കിൽ ഇത്ര വലിയ നിക്ഷേപം എങ്ങിനെയുണ്ടായി എന്ന ചോദ്യം ബാക്കി നിൽക്കുന്നു. ഇപ്പോൾ പറയുന്ന ഈ 'ദരിദ്ര'ന്നു മോസ്ക്കോവിൽ സ്വന്തം കാറുകളുണ്ടായിരുന്നുവെന്നും നഗരത്തിൽ നിന്നു അധികം അകലെയല്ലാതെ സ്വന്തമായ ഒരു വസതിയുണ്ടായിരുന്നുവെന്നും, അധികവും മോസ്കോവിലെ

തൻെറ രണ്ടാം ഭാര്യയോടൊപ്പമാണ് താമസിച്ചിരുന്ന തെന്നും പാശ്ചാത്യ പത്രലേഖകരുമായി അവിടെവെച്ച് അദ്ദേഹം യഥേഷ്ടം സമ്പർക്കം പുലർത്തിക്കൊണ്ടിരുന്ന വെന്നും ഇപ്പോഴം വ്യക്തമായിരിക്കുന്നു. മോസ്ക്കോവിൽ തന്നെ സോവിയററു വിരുദ്ധ ബുദ്ധിജീവികളുടെ നേതാവെന്ന നിലയിൽ അദ്ദേഹം പ്രവർത്തിച്ചു വരികയായിരുന്നുവത്രെ.

## തുറന്ന കത്ത്

അഭിപ്രായ സ്വാതന്ത്ര്യത്തിൻെറ പേരിൽ അനുകൂലാഭിപ്രായമുണ്ടായിരുന്ന ശുദ്ധമനസ്ക്കരുടെ കണ്ണു തുറപ്പിക്കുന്ന മറെറാരു സംഭവമാണ് ''ക്രെംലിൻ നേതാക്കൾക്ക്'' അദ്ദേഹമെഴുതിയ ''തുറന്നകത്ത്''. അവരോടു മാർക്സിസ്ററു പ്രത്യയശാസ്ത്രത്തെ വലിച്ചെറിയുവാൻ അദ്ദേഹം ആവശ്യപ്പെടുന്നു. അദ്ദേഹത്തിൻെറ അഭിപ്രായത്തിൽ മാർക്സിസം ''വിയർത്തൊലിച്ച വൃത്തികെട്ട'' ഷർട്ടാണ്. അതു ''ചോരയിൽ മുങ്ങിക്കിടക്കുന്നു''. സോൾഷെനിത്സിൻ ഈ തുറന്നകത്തു പ്രസിദ്ധീകരിച്ചതു് കമ്പോളത്തിൽ കണ്ണുവച്ചുകൊണ്ടാണ്. തൻെറ കമ്പോളവില ഇടിഞ്ഞുപോകും മുമ്പ് ഇതിൻെറ പ്രസിദ്ധീകരണം സംഘടിപ്പിച്ചു ലോകശ്രദ്ധ തന്നിലേക്കാകർഷിക്കാൻ അദ്ദേഹം ശ്രമിച്ചു. ''ഗുലാഗ് ആർക്കിപെലഗോ''വിന്നു താനെഴുതിയ ആമുഖത്തിൻെറ ചില ഭാഗങ്ങളും അദ്ദേഹം പെട്ടെന്നു പ്രസിദ്ധീകരിച്ചതു കാശുണ്ടാക്കാനാണ്.

## സ്വയം തുറന്നുകാട്ടുന്നു

പക്ഷെ, അദ്ദേഹത്തിൻെറ ''തുറന്നകത്ത്'' അദ്ദേഹത്തെയാണ് തുറന്നുകാട്ടുന്നത്. ''ദരിദ്രനായ രക്തസാക്ഷി''യുടെ സ്ഥാനത്തു സോവിയററോ, റഷ്യനോ

ആയ എല്ലാററിനേയും ഭത്സിക്കുന്ന ലക്ഷപ്രഭുവായ ഒരു കമ്മ്യൂണിസ്ററു വിരുദ്ധൻ അരങ്ങത്തു വന്നിരിക്കുകയാണു്. ഇതിൽക്കൂടി തൻെറ ലക്ഷ്യം മാർക്സിസ്ററു പ്രത്യയ ശാസ്ത്രത്തിലധിഷ്ഠിതമായ സോവിയററു സമ്പ്രദായത്തെ മാററിമറിക്കലാണെന്നു് അദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചിരിക്കുകയാണു്.

## ചോരക്കുപ്പായം

സോവിയററു അധികാരികരം അദ്ദേഹത്തെ പുറത്താക്കിയതു ഒരു തെററായിപ്പോയെന്നു സോവിയററു വിരുദ്ധന്മാർക്കു പറയാം. പുതിയ ഈ വിമോചകൻെറ ഭ്രാന്തൻ വിളംബരങ്ങരം സോവിയററു ജനതയുടെ മുമ്പാകെ എത്തിച്ചു കൊടുക്കാനുള്ള സൗകര്യങ്ങരം സോവിയററു ഭരണം ചെയ്തുകൊടുക്കേണ്ടിയിരുന്നുവോ? അതോ ബഹു ലക്ഷം ജനങ്ങരം പ്രാണൻ കൊടുത്തു പടുത്തുയർത്തിയ സോഷ്യലിസ്ററു സമൂഹത്തിന്നു കളങ്കമേല്പിക്കാതിരിക്കേണമെന്ന മുഴുവൻ ജനതയുടെയും അഭിലാഷങ്ങളെ അവർ മാനിക്കേണ്ടിയിരുന്നുവോ? മാർക്സിസം ''ചോര കുടിച്ചു വീർത്ത'' കുപ്പായമാണെന്നു പറഞ്ഞ സോരംഷെനിത്സിൻ മുതലാളിത്തത്തിന്നും അതിൻെറ രൂപഭേദങ്ങളായ വംശമേന്മാവാദം, കൊളോണിയലിസം, സാമ്രാജ്യത്വവാദം തുടങ്ങിയവയ്ക്കും എതിരായി ഒരക്ഷരം പോലും പറഞ്ഞില്ല. പാബ്ലോ നെരൂദയെക്കൊന്നവരോടു് ഇയാരംക്കു് തെല്ലും വിരോധമില്ല.

സോരംഷെനിത്സിൻെറ ഇന്ത്യയിലെ പ്രചാരകരുടെ നിലയാണു ഭയങ്കരം. മുതലാളിത്തത്തിൻെറ പ്രചരണ കോലാഹലങ്ങളിൽ മുഴുകി ഇത്തരമൊരുത്തനെ വാനോളം പുകഴ്ത്തുന്നതാണോ ഭാരതീയ സംസ്കാരം? രാജ്യദ്രോഹമാണോ ജനതയുടെ ''വിമോചനം''? അദ്ദേഹത്തിൻെറ നോട്ടം ബാങ്കു ബാലൻസു വർദ്ധിപ്പിക്കുന്നതിലാണു് എന്നു കാണാൻ ഉള്ള കഴിവു നമുക്കുണ്ടാകണ്ടേ?

5

*അനുബന്ധം 1*

# സോൾഷെനിത്സിൻെറ ദുരന്തം

''സോൾഷെനിത്സിൻെറ ദുരന്തം'' എന്ന തലക്കെട്ടിൽ ഞാൻ ഒരു ലേഖനമെഴുതി. അദ്ദേഹമൊരു പശ്ചിമജർമ്മൻ വിമാനത്താവളത്തിൽ ചെന്നിറങ്ങുന്നതിനു തൊട്ടുമുമ്പാണതു്. ഈ തലക്കെട്ടു് ഒന്നിലേറെ അർത്ഥത്തിൽ ഇന്നു് സത്യമായി പുലർന്നിരിക്കുന്നു.

മി. സോൾഷെനിത്സിൻ ഏതാനും മാസം പാശ്ചാത്യ പത്രങ്ങളുടെ മുൻപേജിൽ സ്ഥലംപിടിച്ച വിഗ്രഹവും വീരപുരുഷനുമായിരുന്നു. ഇപ്പോൾ അദ്ദേഹം ഉൾപേജുകളിലേക്കു് മാററപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിൻെറ സ്ഥാനം പിൻപേജിൽ ഒരു കോളത്തിൻെറ അടിയിലാവാൻ ഇനി അധികകാലം വേണ്ടിവരില്ല. പിന്നീടു്, തീരെ അവഗണിക്കപ്പെടുകയുംചെയ്യും. അതാണു് മുതലാളിത്ത കോയ്മകളുടെയും സമാധാനവിരോധികളുടെയും പിന്തിരിപ്പൻ ശക്തികളുടെയും കളിപ്പാവചമയാൻ കച്ചകെട്ടി പുറപ്പെടുന്ന സോവിയററു പൗരന്മാരുടെ ദുഃഖപര്യവസായിയായ കഥ. തങ്ങളുടെ സോവിയററു വിരോധ മുൻവിധികൾക്കും പക്ഷപാതങ്ങൾക്കും പ്രതിഫലമായി ലഭിക്കുന്ന പ്രശംസകളുടെ പ്രവാഹത്തിൽ മതിമറക്കുകയാണവർ.

സോവിയററു യൂണിയനിലായിരിക്കുന്നിടത്തോളം കാലം വീരപുരുഷന്മാരായും മനുഷ്യസ്വാതന്ത്ര്യത്തിനുവേണ്ടി പടവെട്ടുന്ന യോദ്ധാക്കളായും, രക്തസാക്ഷികളായി പോലും, അവർ പാടിപ്പുകഴ്ത്തപ്പെടുന്നു. ഭൗതികവും ആശയപരവുമായ സീമകരം താണ്ടി 'സ്വതന്ത്രലോക'മെന്നു പറയുന്നതിൻെറ ഏതെങ്കിലും ഭാഗത്തു് ചെന്നു കഴിഞ്ഞാൽ ഉടനെ അവരുടെ ''വാർത്താമൂല്യ''വും ''ശല്യമൂല്യ''വും നഷ്ടപ്പെട്ടെന്നു വരും.

സ്റ്റാലിൻെറ മകരം, അല്ലീലുയേവ (ഇന്ത്യൻ ഉപചാരത്തെ അനർഹമായുപയോഗപ്പെടുത്തി)മുതലാളിത്തലോകത്തിലേക്കു കടന്നപ്പോരം, അതു മുൻപേജുവാർത്തയായിരുന്നു. ഏതാനും വർഷങ്ങരം കഴിഞ്ഞേയുള്ളു, ഒരു കൊച്ചു വാർത്താശകലം പോലും അവരെപ്പററി വരാതെയായി—അവരുടെ വിവാഹമോ വിവാഹമോചനമോ പുനർവിവാഹമോ മററും അല്ലാതെ.

പ്രാരംഭത്തിലുള്ള കോലാഹലമോ പ്രസിദ്ധീകരണമോ കഴിഞ്ഞാൽ പിന്നെ കേരംക്കപ്പെടാത്ത, അഹന്ത മൂലം 'സ്വതന്ത്ര' ലോകത്തിൽ എത്തിക്കപ്പെട്ട മററുചില സോവിയററു എഴുത്തുകാരും ബുദ്ധിജീവികളുമുണ്ടു്. നിർഭാഗ്യവശാൽ സോരംഷെനിത്സിനും അവരുടെകൂടെത്തന്നെ ചേർന്നിരിക്കുന്നു. 'നിർഭാഗ്യവശാൽ' എന്നുതന്നെ ഞാൻ പറയും. എന്തുകൊണ്ടെന്നാൽ, സോരംഷെനിത്സിൻെറ ''ഇവാൻ ഡെനിസോവിച്ചിൻെറ ജീവിതത്തിലെ ഒരു ദിവസം'' വായിച്ചപ്പോരം അദ്ദേഹത്തിൻെറ സാഹിതീയ പാടവത്തെയും, സ്റ്റാലിൻ—ബെറിയാ മർദ്ദനത്തിന്നു് ശരവ്യനായ ഈ മനുഷ്യൻെറ ധീരതയേയും സഹനശക്തിയെയും ഞാൻ സ്തുതിച്ചുവെന്നു തുറന്നു സമ്മതിക്കണം. സോഷ്യലിസ്ററു നിയമവിധേയത്വം

പുന:സ്ഥാപിക്കപ്പെട്ടപ്പോഠം തന്നെപ്പോലുള്ള ആയിരങ്ങ ളുടെ കൂട്ടത്തിൽ അദ്ദേഹവും കോൺസൻട്രേഷൻക്യാമ്പിൽ നിന്നു് വിമോചിതനാകുകയും പുനരധിവസിക്കപ്പെട്ടു കയുമുണ്ടായി.

ഞാൻ പലവുരു സോവിയററു യൂണിയൻ സന്ദർശി ച്ചിട്ടുണ്ടു്. സോഠംഷനിത്സിനെ കാണാൻ ഒരിക്കലും അവസരം കിട്ടിയിട്ടില്ല. പക്ഷെ, 'നോവിമീറി'ൻെറ പത്രാധിപരും കവിയുമായ ത്വാർദോവ്സ്കിയെ ഞാൻ കാണുകയുണ്ടായി. അദ്ദേഹമാണു് പ്രസ്തുത നോവൽ തൻെറ പത്രികയിൽ ആദ്യമായി പ്രസിദ്ധപ്പെടുത്തിയ തു്. സോവിയററു കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സമുന്നത ഭാരവാഹികഠം അതിൻെറ പ്രസിദ്ധീകരണത്തെ ശരി വെച്ചുവെന്നാണു് എൻെറ അറിവു്.

ബെറിയയുടെ കോൺസെൻട്രേഷൻ ക്യാമ്പിൽ നിന്നു തിരിച്ചുവന്ന മററു ചിലരേയും ഞാൻ കണ്ടു. 20–ാം പാർ ട്ടി കോൺഗ്രസ്സിനെ തുടർന്നു പുനരധിവസിക്കപ്പെട്ടവരാ ണവർ. നിയമവിരുദ്ധമായ തടങ്ങലിൽ ഇത്രയും യാതന അനുഭവിച്ചിട്ടും കമ്മ്യൂണിസത്തിലും കമ്മ്യൂണിസ്ററു ഭരണത്തിലുമുള്ള തങ്ങളുടെ വിശ്വാസം വിടാതെ വെച്ചു പുലർത്തിയ ഈ ആളുകളുടെ അദമ്യമായ സ്പിരിട്ടിൽ എനിക്കു് വിസ്മയം തോന്നി. കമ്മ്യൂണിസ്റ്റ് പ്രമാണങ്ങ ളുടെ ക്രൂരമായ അപഭ്രംശവും വൈപരീത്യവും വക്രീകരണ വുമാണു് അവരുടെ കാര്യത്തിൽ സംഭവിച്ചതു്. കമ്മ്യൂ ണിസ്ററു സാമൂഹ്യഘടനയുടെ അടിസ്ഥാനപരമായ ഭദ്ര തയെയോ നന്മയെയോ മാററാൻ അതിന്നു കഴിഞ്ഞില്ല.

പക്ഷെ സോഠംഷേനിത്സിൻെറ ആദ്യത്തെ ഉള്ളു് തുറന്ന അഭിപ്രായപ്രകടനത്തെയും സാഹിതീയമായ ധീ

രതയെയും സോവിയററു വിരുദ്ധ വൃത്തങ്ങരം ചൂഷണം ചെയ്യുവെന്നാണു് ഞാൻ വിചാരിക്കുന്നതു്. കാലക്രമത്തിൽ അവർ തങ്ങളുടെ ദുഷ്ടോദ്ദേശങ്ങരംക്കുവേണ്ടി അദ്ദേഹത്തിൻെറ കാഴ്ചപ്പാടിനെയും വീക്ഷണകോണത്തെയും വളച്ചൊടിച്ചു. അവരുടെ അതിര് കവിഞ്ഞ സ്തുതിപഠനങ്ങരം അദ്ദേഹത്തിൻെറ സ്വതവേ വ്യക്തിനിഷ്ഠമായ അഹംഭാവത്തെ ഊതി വീർപ്പിച്ചു; സാമൂഹ്യ വിരുദ്ധവും സോവിയററു വിരുദ്ധവുമായ മാർഗ്ഗമവലംബിക്കുവാൻ പരോക്ഷമായി അദ്ദേഹത്തെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

സോവിയററു കമ്മ്യൂണിസ്ററു പാർട്ടി (20-ാം കോൺഗ്രസ്സിനെ തുടർന്നു) നിയമ വിരുദ്ധമായ മർദ്ദനങ്ങളെയും തടങ്ങലുകളെയും സോഷ്യലിസ്ററു നിയമവ്യവസ്ഥയുടെ മററു ലംഘനങ്ങളെയും തുറന്നു കാട്ടുകയും പരസ്യമായി അധിക്ഷേപിക്കുകയും, സോഷ്യലിസ്ററു ജനാധിപത്യത്തിൻെറ പ്രമാണങ്ങളെയും മാനകങ്ങളെയും പുനഃസ്ഥാപിക്കുകയും ചെയ്തു. അതിനുശേഷവും ഈ ക്രൂരമർദ്ദനങ്ങരംക്കു് സോഷ്യലിസ്ററു വ്യവസ്ഥിതിയെ തന്നെ പഴിക്കുകയാണു് സോരംഷെനിത്സിൻെറ നോവലുകരം ചെയ്തതു്. (ഈ നോവലുകരം സോവിയററു യൂണിയനിൽ പ്രസിദ്ധപ്പെടുത്തിയില്ല. അതു് മനസ്സിലാക്കാവുന്നതാണു്. പക്ഷെ അവ പാശ്ചാത്യ രാജ്യങ്ങളിൽ വലിയ ഒച്ചപ്പാടോടുകൂടി പ്രസിദ്ധീകരിക്കപ്പെട്ടു.) ഈ 'തുറന്നുകാട്ടലുകരംക്കു്' സോവിയററുവിരുദ്ധ വൃത്തങ്ങരം അദ്ദേഹത്തെ പ്രകീർത്തിക്കുകയും പ്രശംസിക്കുകയും ചെയ്തു. അവ വാസ്തവത്തിൽ യാതനയനുഭവിച്ച വസ്തുനിഷ്ഠത നഷ്ടപ്പെട്ട ഒരു ശക്തിയുടെ പക്ഷപാതപരവും വക്രീകൃതവുമായ അഭിപ്രായങ്ങളായിരുന്നു. കുറഞ്ഞപക്ഷം ഭാഗി

കമായെങ്കിലും അതിന്നുള്ള ഒരു കാരണം നൊബൽ സ മ്മാനദാനമടക്കം അദ്ദേഹത്തിൻെറമേൽ ചൊരിയപ്പെട്ട അതിർ കവിഞ്ഞ പ്രശംസകളാണ്.

സോഠംഷെനിത്സിൻ പ്രാഥമികമായും തൻെറ സോവിയററിതര അനുവാചകർക്ക് വേണ്ടിയാണ്— സോവിയററു വിരുദ്ധ പ്രസാധകർക്കുവേണ്ടിയാണ് എഴു തുന്നതെന്നു സ്പഷ്ടമായി. സ്വന്തം നാട്ടിലെ ജനങ്ങളുമായി തന്നെ ബന്ധിച്ചിരുന്ന കണ്ണികളെ അദ്ദേഹം സ്വയം അറു ത്തുകളഞ്ഞുവെന്നതു് സങ്കടകരമായി. തന്നെയും തൻെറ ഗ്രന്ഥങ്ങളെയും ലേഖനങ്ങളെയും യുദ്ധകൊതിയരുടെയും സോവിയററു യൂണിയൻെറ മാത്രമല്ല, ലോകസമാധാന ത്തിൻെറക്കൂടി ശത്രുക്കളുടെയും, താൽപര്യങ്ങരംക്കായി നീചമായി ഉപയോഗപ്പെടുത്തുകയാണു ചെയ്യതെന്നു് സോഠംഷെനിത്സിൻ മനസ്സിലാക്കുന്ന ഒരു ദിനം വരു മെന്നുതന്നെ ഞാൻ ഇപ്പോഴും ആശിക്കുന്നു.

അവശനാക്കപ്പെട്ട ഈ 'രക്തസാക്ഷി'യുടെ കാര്യം പറഞ്ഞാൽ, കാറുകളും നാട്ടിൻപുറത്തെ ഒരു കോട്ടേജും വാങ്ങുവാൻ മാത്രമുള്ള സ്ഥിതി അദ്ദേഹത്തിനുണ്ടായി രുന്നു. സ്വിററ്സർലണ്ടിൽ തൻെറ തിട്ടപ്പെടുത്തപ്പെട്ട അക്കൗണ്ടു നോക്കാൻ അദ്ദേഹം ഒരു വക്കീലിനെ നിയമി ച്ചിരുന്നുവെന്നാണ് പറയുന്നതു്. പാശ്ചാത്യ പത്രലേഖ കന്മാരുമായി കൂടിക്കാഴ്ച നടത്തുന്നതിനും തൻെറ കയ്യെ ഴുത്തു പ്രതികഠം വിദേശത്തേക്കയക്കുന്നതിനും അദ്ദേഹ ത്തിന്നു പ്രയാസമുണ്ടായിരുന്നില്ല.

വ്യക്തിപരമായി എനിക്കു സോഠംഷെനിത്സി നോടു വിദ്വേഷമുണ്ടായിരുന്നില്ല, ഇന്നുമില്ല. അദ്ദേഹം നല്ലൊരെഴുത്തുകാരനായിരുന്നു. ധാരാളം യാതനകളനുഭ വിച്ചു; ഈ യാതനകഠം നിമിത്തം വസ്തുനിഷ്ഠതയും രാജ്യ

ത്തോട്ടം, തന്നെ രക്ഷിക്കുകയും നിലനിറുത്തുകയും ചെയ്ത വ്യവസ്ഥിതിയോടുമുള്ള കൂറ് പുലർത്തുവാനുള്ള ശേഷി അദ്ദേഹത്തിനു നഷ്ടപ്പെട്ടു. അദ്ദേഹത്തിൻെറ രാജ്യഭ്രഷ്ട് ഒരു ദുരന്തമല്ല. അദ്ദേഹം സോവിയററധികാരികളെ സ്വയം അതിനു നിർബന്ധിതരാക്കിതീർക്കുകയാണുണ്ടായത്. 'ഇവാൻ ഡെനിസോവിച്ചിൻെറ ജീവിതത്തിലെ ഒരു ദിവസം' എന്ന കൃതിയുടെ കർത്താവു് സോവിയററു യൂണിയൻെറ ശത്രുക്കളുടെ—സമാധാനത്തിൻെറ ശത്രുക്കളുടെ—കൈകളിൽ ഒരായുധമായി മാറുക എന്നതു തന്നെയാണു് ഈ ദുരന്തത്തിൻെറ മാനദണ്ഡം.

പ്രതികാരമോഹം അദ്ദേഹത്തെ കീഴ്പ്പെടുത്തിയതായി ഞാൻ വിചാരിക്കുന്നു. ആദർശവാദിയായ ആ ധർമ്മയോദ്ധാവു് ഒരു സൂറിച്ച് ബാങ്കിൻെറ അക്കമിട്ട വോട്ടിൽ തൻെറ പേരിൽ നിക്ഷേപിക്കപ്പെട്ട തുക എണ്ണിക്കണക്കാക്കുന്ന രഹസ്യസൂക്ഷിപ്പുകാരനായ, പണമോഹിയായ ഒരു കച്ചവടക്കാരനായി മാറിയിരിക്കുന്നു. സർവ്വാധികാരികളുടെയും നാടുകടത്തപ്പെട്ട രാജാക്കന്മാരുടെയും കള്ളക്കടത്തുകാരുടെയും അഴിമതിക്കാരായ രാഷ്ട്രീയക്കാരുടെയും തീവെട്ടിക്കൊള്ളക്കാരുടെയും പൂഴ്ത്തിവെക്കപ്പെട്ട സമ്പത്തു് സൂക്ഷിക്കുന്നതിനു കുപ്രസിദ്ധിയാർജിച്ചവയാണു് സ്വിസ് ബാങ്കുകൾ. ഒരു സാഹിത്യകാരനു്, ഒരു പ്രതിഭാശാലിക്കു, എത്ര ചേർന്ന കൂട്ടുകെട്ടു്!

ഒരു പത്രവാർത്തയനുസരിച്ച് 'എന്തോ ചില ബിസിനസ്സാവശ്യാർത്ഥം, അദ്ദേഹം ഒരു സൂറിച്ച്ബാങ്ക് സന്ദർശിച്ചു. ബിസിനസ്സ് എന്തെന്നു് അദ്ദേഹം പറഞ്ഞില്ല (സ്വാഭാവികമായും!). ''പല രാജ്യങ്ങളും തന്നെ ക്ഷണിച്ചുവെങ്കിലും, അദ്ദേഹം സ്വിററ്സർലാണ്ടിൽ

പ്രത്യേക താൽപര്യം പ്രദർശിപ്പിച്ച്'' (സ്വാഭാവികമായും!)

തൻെറ സർവ്വപ്രധാനമായ ബാങ്കിങ്ങ് ഇടപാടിനുശേഷം 'അദ്ദേഹമൊന്നു നടക്കാൻ പോകുകയും, ലെനിൻ 1917 ലെ ബോാംഷെവിക് വിപ്ലവത്തിനു ആസൂത്രണം ചെയ്ത ഭവനത്തിന്നടുത്ത് നിൽക്കുകയും ചെയ്തു'. (മഹാനായ വ്ളാദ്മീർ ലെനിൻെറ വാക്കുകളുടെ മാറെറാലികാം അദ്ദേഹം കേട്ടുവോ? അതോ, അദ്ദേഹം സോവീയററു സ്മാരകങ്ങളോടു പോലും നിർവ്വികാരനും അനാസ്ഥനും ശിലാഹൃദയനുമായിക്കഴിഞ്ഞുവോ?)

പ്രസ്തുത വാർത്ത ഇങ്ങനെ തുടരുന്നു: ''ക്യാമറക്കാർ അദ്ദേഹത്തെ വിടാതെ പിന്തുടർന്നു; അപ്പോാം, 'എന്നെ തനിയെ വിട്ടു; ഞാനും ഒരു മനുഷ്യനാണ്'' എന്ന് ഒച്ചവെച്ച അദ്ദേഹം തൻെറദ്വേഷ്യം പ്രകടിപ്പിച്ചുവത്രെ.

മി. സോാംഷെനിത്സിന്ന്, വ്യൽപത്തിയും പാണ്ഡിത്യവുമുണ്ടായിട്ടും, മുതലാളിത്ത സമുദായത്തെപ്പററിയുള്ള പ്രാഥമിക വസ്തുതകളറിഞ്ഞുകൂടാ. ഈ സമുദായത്തിൽ ആരും മനുഷ്യാത്മാവല്ല. എത്ര കീർത്തിപെററ ഗ്രന്ഥകർത്താക്കളായാലും എല്ലാവരും പണമുണ്ടാക്കുവാനുള്ള ഉപകരണങ്ങളാണ്. അഥവാ, പണമുണ്ടാക്കുന്ന ചൂതാട്ടത്തിലെ ആളുകളാണവർ. പത്രറിപ്പോർട്ടർമാർക്കു തന്നിലുള്ള ഔൽസുക്യം 'സ്വാതന്ത്ര്യ'ത്തിലോ തൻെറ രക്തസാക്ഷിത്വത്തിലോ അല്ലെന്ന് സോാംഷെനിത്സിന്നു അചിരേണ മനസ്സിലാകും. സ്വാൎത്ഥലാഭത്തിനുള്ള ഒരു ഉപകരണം മാത്രമാണ് അദ്ദേഹം. ഏതു മൂല്യങ്ങാംക്കുവേണ്ടി അദ്ദേഹം തൻെറ സോഷ്യലിസ്ററു പിതൃഭൂമിയെ ബലികഴിച്ചുവോ ആ മൂല്യങ്ങാം ഇതൊക്കെയാണ്.

ജർമ്മനിയിലെത്തിയ ഉടനെ നല്കിയ അഭിമുഖസംഭാഷണങ്ങളിലൊന്നിൽ താൻ ഒരു ദിവസം സോവിയററുയൂണിയനിലേക്ക് തിരിച്ചുപോകുമെന്ന സംഭാവ്യതയെപ്പററി സോൾഷെനിത്സിൻ സംസാരിച്ചു. സോവിയററുയൂണിയനെ അദ്ദേഹം ഇനിയും സ്നേഹിക്കുകയും അവിടം വിട്ടുപോയതിൽ ഖേദിക്കുകയും ചെയ്യുന്നുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇതു് മററു ചിലർക്കും സംഭവിക്കുകയുണ്ടായിട്ടുണ്ടു്. അവരിൽ ചിലർ ഇരുപതോ മുപ്പതോ വർഷങ്ങൾക്കുശേഷം പോലും തിരിച്ചു ചെല്ലുകയുണ്ടായി. മുതലാളിത്ത സമുദായത്തിലെ ജീവിത വസ്തുതകൾ പരുഷമായ പാഠങ്ങൾ പഠിപ്പിക്കുന്നു. അഭിമാനിയും ബുദ്ധിപരമായി ഉദ്ധതനുമായ സോൾഷെനിത്സിൻ പോലും ഒരുദിവസം പഠിച്ചെന്നുവരും. തൻെറ തെററുകളിൽ ഖേദിച്ചു സോഷ്യലിസ്ററു സ്വദേശത്തേക്കു തിരിച്ചുപോയെന്നു വരും. ആർക്കറിയാം? ദുഖപര്യവസായിയായ ഈ നാടകത്തിൻെറ മൂന്നാമങ്കം ഒരുപക്ഷേ ആരംഭിച്ചിട്ടേ ഉള്ളു.

കെ. അഹമ്മദ് അബ്ബാസ്

അനുബന്ധം 2

# 'മാതൃഭൂമി' പ്രസിദ്ധീകരിക്കാത്ത കത്ത്

## ''സോൾ ഷെനിത്സിൻ സംഭവം''

1974 ഫെബ്രുവരി 15നു ''മാതൃഭൂമി'' എഴുതിയ ഒരു മുഖപ്രസംഗത്തിൻെറ മുഖവുരയാണിത്. കേവലവും സാർവ്വത്രികവുമായ അഭിപ്രായ സ്വാതന്ത്ര്യത്തിനുവേണ്ടി ആ മുഖപ്രസംഗത്തിൽ പ്രകടമായ അഭിവാഞ്ഛ ആത്മാർത്ഥമായിരിക്കണമെന്നു കരുതിയവരുണ്ടാകാം. എന്നാൽ അഭിപ്രായ സ്വാതന്ത്ര്യം എന്നുവെച്ചാൽ വെറും സ്വാഭിപ്രായം പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യമാണെന്നും ഭിന്നാഭിപ്രായം പ്രകടിപ്പിക്കുവാനുള്ള സ്വാതന്ത്ര്യമല്ലെന്നും മാതൃഭൂമി കരുതുന്നതായി എനിക്കു പിന്നീടുണ്ടായ അനുഭവം കൊണ്ടു മനസ്സിലായി. മാതൃഭൂമിയുടെ മുഖ പ്രസംഗകനു പററിയ വസ്തുതാപരമായ പിശകുകൾ ചൂണ്ടികാണിച്ചുകൊണ്ടും മുഖപ്രസംഗത്തിൽ നിന്നു് ഭിന്നമായ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുകൊണ്ടും ഞാൻ പത്രാധിപർക്കയച്ച കുറിപ്പ് അവർ പ്രസിദ്ധീകരിക്കുകയുണ്ടായില്ല. അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കില്ലെന്നു പറഞ്ഞു റഷ്യയെ കുററപ്പെടുത്തുന്നവർ സ്വന്തം പത്രത്തിൻെറ താളുകളിൽ പോലും അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കാറില്ലെന്നുമാണ് വസ്തുത.

ഞാൻ ''മാതൃഭൂമി'' പത്രാധിപർക്കയച്ചതും അവർ പ്രസിദ്ധീകരിക്കാത്തതുമായ കത്ത് വായനക്കാരുടെ അറിവിലേക്കായി അതേരൂപത്തിൽ ചുവടെ കൊടുക്കുന്നു:

സോൾഷെനിത്സിൻെറ കാര്യത്തിൽ പ്രവേശിക്കുന്നതിന്നു മുമ്പ് എൻെറ ഒരു സംശയം ''മാതൃഭൂമി'' യുടെ മുമ്പാകെ വെക്കാനനുവദിക്കുക. കേവലമായ അഭിപ്രായ സ്വാതന്ത്ര്യം എന്നുവെച്ചാലെന്താണ്? എന്തും പറയുവാനും പ്രചരിപ്പിക്കുവാനുമുള്ള സ്വാതന്ത്ര്യമാണോ? അധികാരത്തിലുള്ളവരുടെതിൽനിന്നു ഭിന്നരായി സംസാരിക്കാനുള്ള സ്വാതന്ത്ര്യമാണോ? ആണെന്നു പറയുന്ന പക്ഷം, ഭൂമുഖത്തെ അത്തരം ഒരു സ്വാതന്ത്ര്യം കേവലമായി അനുവദിച്ചിട്ടുള്ള രാജ്യം എതാണെന്നു ദയവായി പ്പറയുമോ?

മാതൃഭൂമി, അമേരിക്കൻ പ്രസിഡൻറിന്നെതിരായി ആരോപണങ്ങളുന്നയിക്കാൻ ഒരു പത്രപ്രവർത്തകനു ലഭിച്ച സ്വാതന്ത്ര്യത്തെ വാഴ്ത്തിയുള്ള ജനാധിപത്യവും ''സമഗ്രാധിപത്യ''വും തമ്മിലുള്ള വ്യത്യാസം ഇതിൽനിന്നു വ്യക്തമാകുന്നു എന്നും പറഞ്ഞു. അമേരിക്കയിലേത് ഒരു മാതൃകാ ''ജനാധിപത്യ''മാണെന്നാണല്ലൊ ഇതിൻെറ സൂചന. ഈ ജനാധിപത്യത്തിൽ യഥാർത്ഥത്തിൽ നടക്കുന്നത് ധനാധിപത്യവും വർഗ്ഗാധിപത്യവുമല്ലെന്നു മാതൃഭൂമിക്കു പറയാൻ കഴിയുമോ? ''വുഡ്സ്നീ''യിൽ വെള്ളക്കാരുടെ മാതൃകാമർദ്ദനത്തിനു വിധേയരായ അമേരിക്കക്കാർക്കു നീതി ലഭിക്കുന്നില്ലെന്ന വസ്തുത മാതൃഭൂമി അറിഞ്ഞിട്ടുണ്ടോ ? കറുത്തവർഗ്ഗക്കാരനു് വെള്ളക്കാരോടൊപ്പം അധികാരവകാശങ്ങളുണ്ടാകണമെന്നു വാദിച്ച മാർട്ടിൻ ലൂതർകിങ്ങും മുതലാളിത്തത്തിൻെറ ലിബറലിസ്ററു പ്രവണത വളർത്താൻ ശ്രമിച്ച കെന്നഡിമാരും വെടിവെച്ചു കൊല്ലപ്പെട്ട വിവരം എല്ലാവരും അറിഞ്ഞതാണ്. സ്വന്തം നാട്ടിൽ കലാനിർമ്മാണത്തിനു ചങ്ങലക്കെട്ടു വീണതുകൊണ്ടു അവിടെ

നിന്നും സ്വയം ബഹിഷ്കൃതനായ ചാർളിചാപ്ളിനെ ഓർക്കാതിരിക്കാൻ കഴിയുമോ?

ഹോവാർഡ് ഫാസ്ററ് നല്ല നോവലുകളെഴുതിയ കാലത്തു് അദ്ദേഹത്തിന്നു അറിയപ്പെടുന്ന പ്രസാധകന്മാരെ അമേരിക്കയിൽ കിട്ടിയിരുന്നില്ല. പോാം റോബ്സൻെറ ഘന ഗംഭീര ശബ്ദത്തിന്നു വിലങ്ങിടുവാനും നിയമത്തിൻെറ ഹസ്തങ്ങൾ തുനിഞ്ഞിട്ടുണ്ടു്. ആൽബർട്ട് ഈ കാൻ എന്ന പ്രശസ്തനായ അമേരിക്കൻ കവി അടുത്ത കാലം വരെയും ജയിലറയിലായിരുന്നു. ഇന്നും അദ്ദേഹത്തിന്നു നാടുവിടുന്നതിന്നെതിരെ നിരോധനാജ്ഞയുണ്ടു്. ജോർജ്ജ് ജാക്സൻ എന്ന നീഗ്രോ എഴുത്തുകാരനെ ജയിലിൽ വെച്ചു; അദ്ദേഹത്തെ രക്ഷിക്കാനേല്പിച്ച, ഗാർഡുകൾ തന്നെയാണു വെടിവെച്ചു കൊന്നതു്. ഡബ്ളിയു. ഇ. ബി. ഡുബോയ് എന്ന ചരിത്ര പണ്ഡിതനെ മോഷ്ടാക്കളോടൊപ്പം ജയിലിലടക്കുകയുണ്ടായി. അഞ്ജെല ഡേവിസ് എന്ന നീഗ്രോ ബുദ്ധിജീവിക്കെതിരെ ഇല്ലാത്ത കേസുകൾ കെട്ടിച്ചമക്കുകയും അവരുടെ പേരിൽ പുലയാട്ടു പറഞ്ഞു പരത്തുകയും ചെയ്തു.

ഇതൊക്കെ വളരെ അടുത്ത കാലത്തു ഒരു ജനാധിപത്യ രാഷ്ട്രത്തിൽ നടന്ന കാര്യങ്ങളാണു്. പക്ഷെ, ഇതിൽ പലതും നമ്മുടെ പത്രങ്ങൾ അറിഞ്ഞിട്ടില്ല. ഈ സംഭവങ്ങളിൽ പലതും അവയുടെ രോഷാകുലമായ പരാമർശങ്ങൾക്കു വിധേയമായില്ല. കാരണം വാർത്ത എത്തിക്കുന്ന പാശ്ചാത്യ ഏജൻസികളും നമുക്കു പലപ്പോഴും മാതൃകയായിത്തോന്നാറുള്ള പാശ്ചാത്യ പത്രങ്ങളും അവരുടെ പേരിൽ ലോകവ്യാപകമായ ഒരു പ്രചരണക്കൊടുങ്കാററു അഴിച്ചു വിട്ടിരുന്നില്ല. എന്തിനധികം, ലിബറലിസത്തിൻെറ കേദാരമാണെന്നു പറയപ്പെടുന്ന ബ്രിട്ട

നിൽ, രണ്ടാം ലോകയുദ്ധകാലത്തു യുദ്ധത്തിനെതിരായി സംസാരിച്ചതിന്നു ബർട്രാൻറ് റസ്സലിനെപ്പോലുള്ള ഒരു മഹാപുരുഷനെ തടങ്ങലിൽ വെച്ചപ്പോഴും അഭിപ്രായ സ്വാതന്ത്ര്യത്തിൻെറ പേരിൽ ഒരൊററ ജനാധിപത്യപ്പൂച്ച പോലും കരഞ്ഞില്ല.

അപ്പോഴ് ''ജനാധിപത്യ''മുണ്ടെന്നു കരുതപ്പെടുന്ന നാട്ടുകളിലും കേവലമായ അഭിപ്രായ സ്വാതന്ത്ര്യമില്ല. കവികളും കലാകാരന്മാരും തത്വചിന്തകരും തുറുങ്കിലടക്കപ്പെടുന്നു.

അല്ലെങ്കിലും മുതലാളിത്ത ലോകത്തിൽ ജനാധിപത്യമല്ലാതെ യഥാർത്ഥ ജനാധിപത്യം എങ്ങിനെ ഉണ്ടാവാനാണ്? പ്രസിദ്ധീകരണങ്ങളും പ്രസാധനശാലകളും പണക്കാരായ ഒരു പിടി ആളുകളുടെ കൈവശം വന്നു ചേരുമ്പോഴ്, അവയുടെമേൽ കുത്തകയുടെ പിടി മുറുകുമ്പോഴ്, അഭിപ്രായ സ്വാതന്ത്ര്യത്തിന്നു എവിടെ രക്ഷ? എതിരഭിപ്രായക്കാർക്കും പത്രം നടത്തിക്കൂടേ, നടത്തുന്നില്ലേ, എന്നും ചോദിച്ചേക്കാം. അവരുടെ സാമ്പത്തികശേഷി പ്രായേണ കുറവാണ്. പിന്നെ വായനക്കാരുടെ അഭിരുചിക്കും സമീപനത്തിന്നും രൂപം നൽകുന്നതു പ്രചുരപ്രചാരമുള്ള മുതലാളിത്ത പത്രങ്ങളാകയാൽ അവക്കു പിടിച്ചു നിൽക്കാൻ പ്രയാസമായിരിക്കും. മുതലാളിത്ത ജിഹ്വകളാകട്ടെ അഭിപ്രായ സ്വാതന്ത്ര്യത്തിൻെറ പേരിൽ കൊമ്പുവിളി നടത്തുമെങ്കിലും എതിരഭിപ്രായത്തിന്നു വേണ്ടി ഒരുക്കിക്കൊടുക്കുന്നതു് പരിമിതമായ അളവിലും വളരെ അപൂർവ്വമായിട്ടും ആണ്. ''മാതൃഭൂമി''ക്കു തന്നെ സ്വാനുഭവത്തിലൂടെ അറിയാവുന്ന കാര്യമാണല്ലോ, അതു്.

സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾ കേവലമായ അഭിപ്രായ സ്വാതന്ത്ര്യം സ്വന്തം രാജ്യത്തുതന്നെ ഒരിക്കലും പറഞ്ഞിട്ടില്ല. തൊഴിലാളി വർഗ്ഗ സർവ്വാധിപത്യമാണ് അവിടെ ഉള്ളത്. മുതലാളിത്ത സമ്പ്രദായത്തെ പുനരവതരിപ്പിക്കാനും അതിൻെറ സന്ദേശങ്ങൾ പ്രചരിപ്പിക്കുവാനും അവിടങ്ങളിൽ ആരേയും അനുവദിക്കാറില്ല. ശത്രു വർഗ്ഗത്തിൻെറ സന്ദേശം പരത്തുവാൻ തൊഴിലാളി വർഗ്ഗത്തിൻെറ പ്രചരണോപാധികൾ ഉപയോഗിക്കാൻ പാടില്ല. അതിൻെറ അർത്ഥം അഭിപ്രായ സ്വാതന്ത്ര്യമില്ലെന്നോ, അധികാരത്തിലുള്ളവരുടെ ചെയ്തികളെ വിമർശിച്ചുകൂടെന്നോ, അല്ല. ആവശ്യത്തിന്ന അവരുപയോഗിക്കുന്ന മാർഗ്ഗങ്ങൾ വിഭിന്നമാണെന്നു മാത്രം.

സോൾഷെനിത്സിൻ പുറത്താക്കപ്പെട്ടതു് അഭിപ്രായ സ്വാതന്ത്ര്യത്തിൻെറ പേരിലാണെന്ന ദുരവിശ്വാസം പരത്തുവാൻ ആഗോള വ്യാപകമായ ഒരു ശ്രമം നടക്കുന്നുണ്ട്. 'മാതൃഭൂമിയും'യും അതിൽ പങ്കുചേർന്നു എന്നേയുള്ളു. യഥാർത്ഥത്തിൽ ആ മനുഷ്യൻ പടിഞ്ഞാറൻ പ്രദേശങ്ങളിലെ അറുപിന്തിരിപ്പൻ ശക്തികളുടെ കൈയ്യായി റഷ്യയിൽ പ്രവർത്തിക്കുകയായിരുന്നു. അതിൻെറ പേരിലാണ് അയാൾക്ക് നോബെൽ സമ്മാനം നൽകപ്പെട്ടതു്. (ഷൊളോഖോവിനെ ഒഴിച്ചാൽ നോബെൽ സമ്മാനം കിട്ടിയ മററൊരു റഷ്യൻ സാഹിത്യകാരനായ പാസ്ററർനാക്കിൻെറ സ്ഥിതിയും ഇതുതന്നെ. പാസ്റ്റർനാക്കിൻെറ കവിതകളെ റഷ്യൻ ജനത എന്നും മാനിക്കുന്നു; ആസ്വദിക്കുന്നു. പക്ഷെ, അദ്ദേഹത്തിന്ന നോബെൽ സമ്മാനം നൽകിയതു് ആ കവിതകളുടെ പേരിലല്ല; സോവിയററു വിരുദ്ധവും സാഹിത്യഭംഗിയില്ലാത്തതെന്നു പരക്കേ സമ്മതിക്കപ്പെട്ടതും ആയ ''ഡോ. ഷിവാ

ഗോ'' എന്ന നോവലെഴുതിയതിന്നായിരുന്നു. അതി ൻെറ മലയാളവിവർത്തനം വന്നിട്ടുള്ളതുകൊണ്ടു വായനക്കാർക്കു അതിനെ സ്വന്തമായി വിലയിരുത്താം).

സോാംഷെനിത്സിൻെറ ഏററവും ഒടുവിലത്തെ കൃതി മാത്രമല്ല, മിക്കവാറും എല്ലാ കൃതികളും സോവിയററു സമ്പ്രദായത്തെയും സോഷ്യലിസത്തെയും അവമതിക്കുന്നതാണു്. അതുകൊണ്ടു തന്നെ സോവിയററു വിരുദ്ധ കേന്ദ്രങ്ങരം അദ്ദേഹത്തെ ആടിപ്പാടി പുകഴ്ത്തി. ലോകത്തിലെ മററൊരു സാഹിത്യകാരനും കിട്ടാത്തത്ര പ്രശസ്തിയും പണവും ഉണ്ടാക്കിക്കൊടുത്തു. ഇപ്പോരം ''ഗുലാഗ് ആർക്കിപലഗോ'' എന്ന കൃതി പ്രസിദ്ധീകരിച്ചതിൻെറ ഉദ്ദേശവും മററൊന്നല്ല. റഷ്യയും പാശ്ചാത്യ രാജ്യങ്ങളും, പ്രത്യേകിച്ച അമേരിക്കയും, തമ്മിലുള്ള ബന്ധങ്ങരം അനുരഞ്ജനത്തിൻെറ മാർഗ്ഗത്തിലേക്കു തിരിയുന്നതു് സമാധാനത്തിൻെറ ശത്രുക്കാംക്കു്, പടക്കോപ്പു നിർമ്മാണത്തിൻെറ കുത്തകയുള്ളവർക്കു ഒട്ടും സഹിക്കാൻ സാധിക്കാത്ത ഒരു ഗതിയാണു്. മുങ്ങിച്ചാകുന്നവർ പുൽക്കൊടി പിടിച്ചു രക്ഷപ്പെടാൻ ശ്രമിക്കുമെന്നു പറയാറുണ്ടല്ലൊ. അതുപോലെ അവർ സോാംഷെനിത്സിനെ പിടിച്ചിരിക്കുകയാണു്.

പാശ്ചാത്യ രാജ്യത്തിലെ ഭരണാധികാരികളിൽ തന്നെ പലരും, കുത്തക പത്രങ്ങളാകെത്തന്നെയും, റേഡിയോ ലിബർടി, ബി. ബി. സി. മുതലായ പ്രക്ഷേപണ മാദ്ധ്യമങ്ങളും അഭിപ്രായ സ്വാതന്ത്ര്യത്തോടുള്ള അത്യാദരവു കൊണ്ടാണു് സോാംഷെനിത്സിനെ പിടിച്ചു പൊക്കുന്നതു് എന്നു വിശ്വസിക്കാൻ രാഷ്ട്രീയവിദ്യാർത്ഥികാംക്കു സാദ്ധ്യമാണോ? ഏതായാലും ജനാധിപത്യമെ

ന്നും അഭിപ്രായ സ്വാതന്ത്ര്യമെന്നും മററും കേൾക്കുമ്പോൾ വലിയ മൂച്ഛകയറുന്ന ശുദ്ധമനസ്സരെ ആവേശം കൊള്ളിക്കുന്നതിന്നു നിക്ഷിപ്ത താല്പര്യക്കാരെ ഈ പ്രശ്നം സഹായിച്ചിട്ടുണ്ടെന്നത് നേരാണ്. സോൾഷെനിത്സിനെ പൊക്കിപ്പിടിക്കുന്നതു വഴി നിക്ഷിപ്ത താൽപര്യക്കാരും അത്രയെ ഉദ്ദേശിച്ചിട്ടുള്ളു. സോവിയററു വിരോധവും സമാധാനത്തിനുള്ള മാർഗ്ഗ തടസ്സവും അതുകണ്ടു സൃഷ്ടിക്കാമല്ലൊ!

ഏതായാലും കാര്യം തുറന്നെഴുതുന്നവരെ സോവിയററു യൂണിയൻെറ ''സ്തുതിപാഠകരായി'' മുദ്രയടിക്കുന്നതു കൊണ്ടു അവർ നാവടക്കിക്കൊള്ളുമെന്നു കരുതരുത്. ഈ മുദ്രകുത്തൽ തന്നെ ഒരു തരത്തിൽ അഭിപ്രായ സ്വാതന്ത്ര്യത്തിൻെറ നിഷേധമല്ലെ ?

പവനൻ

അനുബന്ധം 3

# സാഹിത്യകാരൻെറ സ്വാതന്ത്ര്യവും മാർക്സിസവും

അലക്സാണ്ടർ സോാംഷെനിത്സിൻ സാറിസ്റ്റ് റഷ്യയിൽ ജനിച്ചു; സോവിയററു റഷ്യയിൽ വളർന്നു; സാഹിത്യരചനയിലൂടെ വിശ്രുതനായി. മുതലാളിത്ത ലോകം ഇന്നിതാ, അദ്ദേഹത്തെ ഒരു വിവാദപുരുഷനാക്കിയിരിക്കുന്നു. സോവിയററുയൂണിയനും സോഷ്യലിസ്റ്റ്വ്യവസ്ഥയും മുതലാളിത്ത രാഷ്ട്രങ്ങാം എതിരാണ്. ആ എതിർപ്പിന്നു് സാമ്പത്തിക സാമൂഹികമണ്ഡലങ്ങളിൽ ഇന്നു നിലനിൽപില്ലാതായിട്ടുണ്ടു്. രാഷ്ട്രീയവ്യവസായത്തിൽ കരിഞ്ചന്ത നടത്താൻ ഇന്നവർ ശ്രദ്ധിക്കുന്നതു് സാംസ്കാരികമണ്ഡലത്തിലാണ്. കാലാകാലങ്ങളിൽ അമിതവില നൽകി ചില പുതിയ ചരക്കുകാം അവർ അവതരിപ്പിക്കാറുണ്ടു്. പാസ്റ്റർനാക്കിൻെറയും സ്വാററ്ലാനയുടെയും മാർക്കററ് ഡള്ളായിപ്പോയി. അപ്പോാം അവർ പുതിയ ഒന്നിനെ കണ്ടെത്തി. അതാണു് അലക്സാണ്ടർ സോാംഷെനിത്സിൻ.

സോാംഷെനിത്സിനു സോവിയററുയൂണിയനോടും സോഷ്യലിസ്റ്റ്വ്യവസ്ഥിതിയോടും വെറുപ്പാണ്. ഒരു പ്രഭുകുടുംബത്തിൽ ജനിച്ചുവളർന്ന അദ്ദേഹം തൻെറ വർഗ്ഗത്തിൻെറ ഉയർത്തെഴുന്നേല്പു് സ്വപ്നം കാണുന്നു. മുതലാളി

ത്തവ്യവസ്ഥിതി ആരാധ്യമാണദ്ദേഹത്തിനു്. പ്രവൃത്തിയിലൂടെ അതു പലപ്പോഴും സോംഷെനിത്സിൻ തെളിയിക്കാതിരുന്നിട്ടുമില്ല. രാജ്യത്തിൻെറ ഭദ്രതയ്ക്കും തങ്ങൾ നേടിയെടുത്ത മെച്ചപ്പെട്ട സാമൂഹികവ്യവസ്ഥിതിയുടെ നിലനില്പിനും അപകടം വരുത്തുന്ന അത്തരം പ്രവൃത്തികളോടു് മയപ്പെട്ട സമീപനമാണു് സോവിയററുജനത സ്വീകരിച്ചതു്. എന്നാൽ 'ഗുലാഗ് ആർക്കിപെലഗോ' എന്ന ആത്മകഥാപരമായ ഗ്രന്ഥം സോംഷെനിത്സിൻ പ്രസിദ്ധീകരിച്ചപ്പോൾ അദ്ദേഹത്തിൻെറ തനിനിറം വ്യക്തമായി. സോവിയററുഗവണ്മെൻറു് അദ്ദേഹത്തിനു പ്രിയംകരമായ ഏതു രാജ്യത്തുപോകാനും അനുവാദം കൊടുത്തു. മോങ്ങാനിരുന്ന നായുടെ തലയിൽവീണ തേങ്ങയായിരുന്നു അതു്. അദ്ദേഹം പോവുകയും ചെയ്തു, അത്രമാത്രം.

ഇതു് ഒരു രാജ്യത്തു് പ്രത്യേക സാഹചര്യത്തിൽ നടന്ന ഒരു പ്രത്യേക സംഭവമാണു്. ഇതിനെ പർവ്വതീകരിച്ചു് മുതലെടുക്കാൻ മുതലാളിത്തം പരിശ്രമിക്കുന്നു. എന്നാൽ ഇന്ത്യയിലെ മുതലാളിത്തവർഗ്ഗത്തോടു നന്ദിയുള്ള ഗുലികയുന്നുന്ന ചില 'ബുദ്ധിജീവികൾ' സോവിയററുയൂണിയനും സോഷ്യലിസ്റ്റ്‌വ്യവസ്ഥയ്ക്കുമെതിരായി പൂർണ്ണചന്ദ്രനെക്കണ്ട ശ്വാവിനെപ്പോലെ ഓരിയിടാൻ തുടങ്ങിയിട്ടുണ്ടു്. കലാകാരൻെറ സ്വാതന്ത്ര്യം മാർക്സിസത്തിൽ വെറും മരീചികയാണെന്നവർ തത്രപ്പെട്ടു സ്ഥാപിച്ചു സമാശ്വസിക്കുന്നു. ഈ സന്ദർഭത്തിൽ എഴുത്തുകാരൻെറ സ്വാതന്ത്ര്യം മാർക്സിസ്റ്റ് വീക്ഷണത്തിൽ എന്ന വിഷയം ചർച്ചചെയ്യുന്നതു് ആശയവ്യക്തതയുണ്ടാക്കാൻ സഹായിക്കുമല്ലൊ.

## കലയും മാർക്സിസവും

മാർക്സിസം ഒരു സാമൂഹികശാസ്ത്രമാണ്. ആശയപ്രപഞ്ചം വസ്തുപ്രപഞ്ചത്തിന്റെ ഗുണധർമ്മം മാത്രമാണെന്ന് അതു് ഉത്ഘോഷിക്കുന്നു. സമ്പത്തിന്റെ ഉല്പാദനപ്രത്യുല്പാദനരീതികൾ സാമൂഹികനിരപേക്ഷമല്ല. അവ സാമൂഹികവിപ്ലവോപാധികളുമാണ്. അതുകൊണ്ടു് സാഹിത്യാദികലകളെ സംബന്ധിച്ചിടത്തോളം മാർക്സിസം ആശയവാദത്തേയും ആനന്ദവാദത്തേയും തികച്ചും അംഗീകരിക്കുന്നില്ല.

മാർക്സിസം ശുദ്ധമായ സാമ്പത്തികശാസ്ത്രമെന്നു് ചിലർ തെററിദ്ധരിക്കുന്നു. വാസ്തവത്തിലതു് ജീവിതത്തിന്റെ സമസ്തചലനങ്ങളെയും സ്പർശിച്ചു നിലകൊള്ളുന്നു. വിചാര വികാരങ്ങളുടെ രമണീയാവിഷ്കാരങ്ങളായ കലാസൃഷ്ടികളെ മാർക്സിസം അവഗണിക്കുന്നില്ല. സാംസ്കാരികസത്തയുംകൊണ്ടു് വർത്തമാനഭാവികളെ വാർത്തെടുക്കാൻ സമൂഹത്തിന്റെ ബോധപൂർവ്വമുള്ള പരിശ്രമത്തിൽ സാഹിത്യകാരന്റെ മഹത്തായ കർത്തവ്യം ആ സിദ്ധാന്തം പ്രത്യേകം ഓർമ്മിപ്പിക്കുകയും ചെയ്യുന്നു. എന്നാൽ ആ സാമൂഹികശാസ്ത്രത്തെ രാഷ്ട്രീയ സാമ്പത്തികരംഗങ്ങളിലെന്നപോലെ സാംസ്കാരികമണ്ഡലത്തിലും അന്യഥാ ധരിച്ചും അന്യഥാകരിച്ചും ആത്മസംതൃപ്തിനേടാൻ ചിലർ സാഹസപ്പെടുന്നു.

## ആദ്യവസാനം മനുഷ്യൻ

ആദ്യം മനുഷ്യൻ, പിന്നെ മാർക്സിസം: ചില സുഹൃത്തുക്കളുടെ പ്രഖ്യാപനമാണിതു്. ഇമ്പമുള്ള ഒരു മുദ്രാവാക്യം. ആർക്കാണതിനെ നിഷേധിക്കാൻ കഴിയുക? ഒരു മാർക്സിസ്റ്റിനു് അതിനെ എതിർക്കേണ്ട ആവശ്യമേ

ഇല്ല. പക്ഷേ ഒരു ചെറിയ തിരുത്തു വേണമെന്നു തോന്നു: ആദ്യന്തം മനുഷ്യൻ, അതാണു് മാർക്സിസം. എന്തെന്നാൽ മറെറാരു 'ഇസവും' ഇന്നേവരെ മാർക്സിസത്തെപ്പോലെ മനുഷ്യനുവേണ്ടി, അവനുവേണ്ടിമാത്രം, നിലകൊണ്ടിട്ടില്ല.

ആദ്യന്തം മനുഷ്യൻ, അതാണു് മാർക്സിസം, എന്നു പറഞ്ഞുവല്ലോ. മാനവധർമ്മം വിളംബരം ചെയ്യുന്ന ഒരു സാഹിത്യകൃതിയേയും മാർക്സോ എംഗൽസോ, ലെനിനോ ആദരിക്കാതിരുന്നിട്ടില്ല. മനുഷ്യത്വം അവമാനിക്കപ്പെടുന്നതു് മനുഷ്യസ്നേഹിയായ കലാകാരനു് നിർവ്വികാരം നോക്കിനിൽക്കാനാവില്ല. അയാാം നിന്ദിതൻെറയും പീഡിതൻെറയും ശബ്ദം മുഖരിതമാക്കുന്നു. രൂപോപാധികാം ഏതെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം കലാകാരനുതന്നെ. ടോാംസ്റ്റോയി, പുഷ്കിൻ, ബൽസാക്, ഷേക്സ്പീയർ, ഹോമർ മുതലായ സാഹിത്യനായകന്മാരോടു് മാർക്സിസ്റ്റ് ആചാര്യന്മാർക്കു് അത്യാദരവുണ്ടായിരുന്നു. സാമൂഹികബോധമുള്ള, മനുഷ്യകഥാനുഗായികളായ സാഹിത്യകാരന്മാർ, മാർക്സിസ്റ്റ് വീക്ഷണത്തിൽ സർവ്വാദരണീയരാണു്.

## വ്യക്തിസ്വാതന്ത്ര്യത്തിൻെറ പേരിൽ

ഇങ്ങനെയാണെഴുതേണ്ടതു് എന്നൊരു നിർദ്ദേശം സാഹിത്യകാരനു കൊടുക്കാൻ ഇന്നാരും ഒരുമ്പെടുമെന്നു തോന്നുന്നില്ല. സാഹിത്യമണ്ഡലത്തിൽ തങ്ങാം കണ്ട സവിശേഷതകാം വിലയിരുത്തി, സാഹിത്യമെന്നാലെന്തു്, എങ്ങനെ, എന്തിനുവേണ്ടി എന്നെല്ലാം ഓരോ കാലത്തു് പണ്ഡിതൻമാർ പറഞ്ഞുവെച്ചിട്ടുണ്ടു്. ഈ ഭൂമുഖത്തു് പരിവർത്തനമെന്തെല്ലാമുണ്ടായാലും തങ്ങളുടെ സിദ്ധാന്തങ്ങാംക്കു് കൽപാന്തകാലത്തോളം മാററമൊ

ന്നംവരില്ലെന്നു ധരിച്ചുവെച്ചിരിക്കുന്നവരുമുണ്ട്. ജീവിതത്തിൻെറ അതിസങ്കീർണ്ണമായ ഭാവപ്പകർച്ചകളെ തങ്ങളുടെ പരിപൂത സാഹിത്യ സിദ്ധാന്തങ്ങളുടെ ചങ്ങലപ്പാടിലൊതുക്കി കലാസൃഷ്ടി നിർവഹിച്ചാൽ, സർവ്വം ഭദ്രം എന്നാണവരുടെ വിശ്വാസം. പൗരസ്ത്യരായ ഭരതാദികളും പാശ്ചാത്യരായ അരിസ്റ്റോട്ടിൽ പ്രഭൃതികളും ഈ യഥാസ്ഥിതികരുടെ അഭയ കേന്ദ്രങ്ങളാണ്. അവരുടെ വിശ്വാസങ്ങൾ അവരെ രക്ഷിക്കട്ടെ! എന്നാൽ ഈ അഭയാർഥികളിൽനിന്ന് ഭരതാദികൾക്കു രക്ഷയില്ല.

ആരെങ്കിലും ഒരു കാലത്ത് എഴുതിപ്പാസാക്കിയ ''സാഹിത്യബൈബിളാ''ക്കനുസൃതമായി വികാരാനുഭൂതികൾ ആവിഷ്കരിച്ചുകൊള്ളണമെന്ന വാശി ഇന്നു നടപ്പില്ല. ജീവിതം ചലനാത്മകമാണ്; അതിൻെറ മാർഗം പ്രതിജനഭിന്ന വിചിത്രവും. ജീവിതത്തിൻെറ ആവിഷ്കാരമായി അനുകരണ—പ്രതിഫലന—പുന:സൃഷ്ടികളായി, അനേകരൂപമായി പ്രത്യക്ഷപ്പെടുകയാണ് സാഹിത്യം. അതു് പൂർവ്വഗാമിയായ എതെങ്കിലും പ്രതിഭാശാലി തത്കാലസ്ഥിതിഭാവങ്ങൾക്കൊത്ത വിധം വാർത്തെടുത്ത ആവിഷ്കരണ സമ്പ്രദായത്തിൽ ഒതുങ്ങിക്കൂടണമെന്നു പറയുന്നതിലർഥമില്ല.

എന്നാൽ ഇതു് സമൂഹം സാഹിത്യകാരനു നൽകുന്ന ഒരു ബ്ളാങ്ക്ചെക്കല്ല. നമ്മുടെ സാഹിത്യത്തിലെ ചില ''അത്യാധുനിക'' പ്രവണതകൾ കാണുമ്പോൾ അതൊരു ബ്ലാങ്ക്ചെക്കുതന്നെയാണെന്നു പലർക്കുമൊരു ധാരണയുണ്ടെന്നു തോന്നുന്നു. അടുത്ത കാലത്ത് സാഹിത്യാദികലകളിൽ അത്രത്തോളമേറിയിട്ടുണ്ട് സർവ്വതന്ത്രസ്വാതന്ത്ര്യമായ നിരങ്കുശത്വവും നിയമരാഹിത്യവും. തനിക്കു തോന്നുന്നതെന്തും കിട്ടിവന്ന രൂപത്തിൽ അവതരി

പ്പിച്ച് എത്തുന്നേടത്തു ചെല്ലുന്നതിനുള്ള സ്വാതന്ത്ര്യമാണോ എഴുത്തുകാരനുള്ള സ്വാതന്ത്ര്യം? അപാരേ കാവ്യസംസാരേ കവിരേവ പ്രജാപതി:. അതിരില്ലാത്ത സ്വാതന്ത്ര്യം അല്ലേ? എന്നാൽ സാമൂഹികമായ ബന്ധവും കടപ്പാടും വിസ്മരിച്ച് സ്വാതന്ത്ര്യപ്രകടനവ്യഗ്രനാകുന്ന ഒരു സ്വാർത്ഥമതി മാനവസമൂഹത്തിനു ശാപമാണ്.

## മോഹഭംഗം

ആധുനികരെന്നും അത്യാധുനികരെന്നും അത്യന്ത്യാധുനികരെന്നും സ്വയം അവകാശപ്പെടുന്ന ഒരുവക സാഹിത്യകാരൻമാർ ഇപ്പോഴുണ്ട്. അവരെ ഒരു മഹാരോഗം കടന്നുപിടിച്ചിരിക്കുന്നു: മോഹഭംഗം. മററെന്നത്തെക്കാളും പലതുകൊണ്ടും നമ്മുടെ രാജ്യം ഇന്ന് അസ്വസ്ഥമാണ്, അസംതൃപ്തമാണ്. എന്നാൽ സാമൂഹിക ജീവിതവുമായി യാതൊരു ബന്ധവും ഇല്ലാത്ത ഇവർക്കും പ്രചോദകം പുസ്തകപരായണായത്തമായ പാശ്ചാത്യാസ്വാസ്ഥ്യമാണ്. ഏറിയകൂറും ഇളം തലമുറയുമാണ് മോഹഭംഗമെന്ന ഈ സാംക്രമിക രോഗത്തിന് ഇരയായിത്തീർന്നിരിക്കുന്നതു്. ഈ ബാലാരിഷ്ടതയെ അതിജീവിക്കാൻ അവരിൽ പലർക്കും കഴിയുമെന്നു തോന്നുന്നില്ല. സ്ഥിതി അത്ര ഗുരുതരമായിപ്പോയി. നമുക്കെന്തു ചെയ്യാൻ കഴിയും? മുതലാളിത്ത രാഷ്ട്രങ്ങൾ സ്വന്തം ചെലവിൽ ദേശാന്തരങ്ങളിൽ ഇറക്കുമതി ചെയ്ത മോഹഭംഗവികാരലഹരിയിൽ അവർ തലകുത്തി വീണിരിക്കുന്നു. സാമൂഹിക വിപ്ലവത്തിൻെറ പിതാക്കളാകേണ്ട ഈ ''മനുഷ്യകഥാനുഗായി''കളുടെ അകാലചരമത്തിൽ നമുക്ക് അനുശോചിക്കാം.

''വെളിച്ചം ദുഃഖമാണുണ്ണീ
തമസ്സല്ലോ സുഖപ്രദം'' ഈ ദിവാഭീതൻ അന്തർമുഖനാണുപോലും! സഹതപിക്കുക.

''പുണ്ണിലിറങ്ങിയ കുശമുനയുരി—
പ്പല്ലിടകുത്തി മണക്കുന്നു.'' ഹോ! എന്തൊരു
ദുർഗന്ധം!

''എന്തൊരു ബോറാണെന്നോ ജീവിതം
പുതുശാസ്ത്ര—
ചിന്തനം കളംവരച്ചിരുത്തുമിജ്ജീവിതം''

കവി ഹിപ്പിയിസത്തിലേക്കു മറുകണ്ടം പാടാനുള്ള പ്രാരംഭ ലക്ഷണമാണു്. നടക്കട്ടെ! നമുക്കൊരു കൗതുകക്കാഴ്ചകൂടിയായി.

''മാലചുററിപ്പിടമുററിപ്പൊടിപററി
യേതോ നിനവിൻെറ പ്രേതമായന്ധത
പേറി നടക്കുന്നൊരുട്ടത്ത കിഴക്കുനി—
ന്നൂറിയൊലിക്കുവാതാർത്തവരക്തമോ?''

ഇതിൽ കുറഞ്ഞ വല്ലതുമൂറിയൊലിച്ചാൽ എങ്ങനെ ആധുനികമാകും?

## എഴുത്തുകാരൻ എന്ന സമൂഹജീവി

ആത്മാവിഷ്ക്കരണമാണു് സാഹിത്യം. അതിനുള്ള സ്വാതന്ത്ര്യം എഴുത്തുകാരൻെറ മൗലികാവകാശമാണു്. ഏതെങ്കിലും തത്വശാസ്ത്രത്തെ ഉപജീവിക്കുന്നവനല്ല, എല്ലാ തത്വശാസ്ത്രങ്ങളേയും അതിജീവിക്കുന്നവനാണു് മൗലികതയുള്ള സാഹിത്യകാരൻ. ശ്രദ്ധേയമായ ഒരു വാദഗതിയാണിതു്. സാഹിത്യ സൃഷ്ടി ആത്മാവിഷ്ക്കാരം തന്നെ. അതുകൊണ്ടു് ഈ എഴുത്തുകാരൻ സമൂഹജീവികൂടിയല്ലെന്നുണ്ടോ? സാമൂഹികജീവിതത്തിൽ ഉയിർ കൊള്ളുന്ന അനുഭവങ്ങൾ സ്വന്തം

ഹൃദയവിപഞ്ചികയുടെ തന്ത്രികളിൽ തട്ടിമുഴങ്ങുന്ന നാദം അതുപോലങ്ങു പ്രതിധ്വനിക്കട്ടെന്നോ? സലക്ഷ്യമായ സംവിധാനം ആവശ്യമല്ല, അല്ലേ? എങ്കിൽ പ്രതിഭാനിപുണതാഭ്യാസശാലിയെന്നു് പറയുന്ന സാഹിത്യകാരനും ഒരു സാധാരണക്കാരനും തമ്മിൽ എന്താണു് അന്തരം? അനുഭൂതികളെ — പരാനുഭൂതികളെങ്കിൽ സ്വകീയങ്ങളാക്കുന്ന — ആലോചനാമൃതമായ സാഹിത്യമായി രൂപാന്തരപ്പെടുത്തുന്ന പ്രക്രിയ ബോധപൂർവ്വകമാണു്. അതായതു് എഴുത്തുകാരന്റെ സ്വാതന്ത്ര്യം അവന്റെ ലക്ഷ്യബോധത്തെ മുൻനിർത്തി വിനിയോഗിക്കുന്നു എന്നർഥം. ഈ ലക്ഷ്യബോധമാകട്ടെ അവന്റെ ആത്മാവിന്റെ ഭാഗമാണു്; ആകണം. അതു് മനോഭാവമാണു്. അപ്പോൾ ആത്മാവിഷ്ക്കാരം തന്നെ സാഹിത്യം.

തോന്നിയതെന്തും എഴുതും, പ്രസിദ്ധീകരിച്ചുകളയുമെന്നു ശഠിച്ചാൽ അതു് സാഹിത്യ സൃഷ്ടിയല്ല, സമൂഹദ്രോഹമാണു്. പരുഷങ്ങളായ യാഥാർത്ഥ്യങ്ങളുടെ നേരെ സ്വന്തം ആത്മാവിനെ സ്വയം എറിഞ്ഞുടച്ചു് അതിന്റെ വിഷലിപ്തങ്ങളായ കൂർത്ത ചില്ലുകൾ സാമൂഹിക ജീവിതത്തിന്റെ തിരുഹൃദയത്തിലാഴ്ത്തിത്തറയ്ക്കുകയാണു് ഇത്തരക്കാരുടെ പ്രവൃത്തി. കലാകാരന്റെ അന്തരാത്മാവിൽ ഉയരുന്ന ദ്വിമുഖങ്ങളായ നാദധാരകളുടെ നിതാന്തമായ പരസ്പര ബന്ധത്തിൽനിന്നു്, രാസപരിണാത്മകമായ ഏകീഭാവത്തിൽ നിന്നു്, കലാരൂപം ജന്മം കൊള്ളുന്നു. വ്യക്തിസത്തയുടേ ശക്തവും സമഗ്രവുമായ പ്രകാശനത്തിന്റെ സർഗ്ഗാത്മകനാദമാണൊന്നു്; മറെറാന്നു് സമൂഹജീവിതത്തിന്റെ ഹൃദയാന്തർ ഭാഗത്തുനിന്നു പ്രതിധ്വനിക്കുന്നതും. നമ്മുടെ അത്യന്താധുനികരിൽ പലർക്കും ജനജീവിതത്തിന്റെ ഹൃദയ

ത്തുടിപ്പ് അജ്ഞാതമാണ്. അവർ നടത്തുന്നത് ആത്മാവിഷ്ക്കാരമത്രെ! ടി. എസ്. എലിയട്ട് അഗാധവും അവാച്യവുമായ വികാരം എന്നു പറഞ്ഞതിൻെറ പ്രഭവസ്ഥാനം ജീവിതമാണ്. ജീവിതത്തെ, അതിൻെറ സംഘട്ടനാത്മകതയെ, ചലനത്തെ, അവഗണിക്കുന്ന ഒരുവൻ എങ്ങിനെ ആ വികാരത്തിൻെറ ഉടമയാകും? വികാരാവിഷ്ക്കരണത്തിനു് ഏററവും സമർത്ഥമായ ഉപാധി വാക്കുകളാണ്. അവതന്നെയും ചിലപ്പോൾ അശക്തങ്ങളെന്നു വരാം. അപ്പോൾ ഉള്ളുകാട്ടുവാനൊന്നുമേ ഉപായമില്ലെന്ന പതനത്തിൽ സിംബലുകൾ, ബിംബങ്ങൾ—ശുദ്ധമോ ദുഷ്ടമോ മററു വല്ലതുമോ—അവതരിപ്പിക്കപ്പെടാം. അവ പലപ്പോഴും ദുർഗ്രഹങ്ങളാകാം. കാവ്യഭാഷയെ സംബന്ധിച്ചിടത്തോടം തീർത്തും ഒരു അയോഗ്യതയല്ലിതു്. പക്ഷേ ഇതു് ആവിഷ്ക്കരണ പ്രകാരത്തെമാത്രം സംബന്ധിക്കുന്നതാണ്. അതുകൊണ്ടു് ഈ സ്വാതന്ത്ര്യത്തിനു് ലക്ഷ്യബോധത്തെ ബലികൊടുക്കേണ്ടതില്ല.

## സാഹിത്യകാരൻെറ സ്വാതന്ത്ര്യം

എഴുത്തുകാരൻെറ സ്വാതന്ത്ര്യത്തെപ്പററി പലരും വാചാലരാകാറുണ്ടു്. അതു് അവൻെറ ജീവധാതുവാണത്രെ! എതിരില്ല. എന്നാൽ എന്താണ് ഈ സ്വാതന്ത്ര്യം? പഴയ ചില ധാരണകൾ ഇന്നും വച്ചുപുലർത്തുന്നവരുണ്ടു്. ഇവ എന്നേ തിരുത്തപ്പെടേണ്ടവയാണ്. ''മനുഷ്യൻ സ്വതന്ത്രനായി ജനിക്കുന്നു. പക്ഷെ അവൻ എവിടെയും ചങ്ങലയിലാണ്.'' റൂസ്സോയുടെ പരിതാപമാണിതു്. സാമൂഹികബന്ധങ്ങൾ ഒരുവനെ സ്വതന്ത്രനാക്കുന്നു എന്നല്ലെ ഇതിൻെറ അർത്ഥം? അപ്പോൾ സർവ്വതന്ത്രസ്വതന്ത്രമായ വന്യജീവിതം അതിധന്യമെന്നുവരും.

പിന്നെ ''സ്വതന്ത്രനായി ജീവിക്കുന്ന മനുഷ്യൻ'': അതു് സാമൂഹികജീവിതത്തിലെ മധുരോദാരമായ ഒരു സങ്കല്പം മാത്രം. വന്യജീവിതത്തിലാണെങ്കിൽപോലും അതു യാഥാർത്ഥ്യമാവില്ല; അവിടെയുമുണ്ടല്ലോ നിലനില്പിന്റെ പ്രശ്നം.

ഇരിക്കട്ടെ, തന്നിഷ്ടം പറയാനും പ്രവർത്തിക്കാനുമുള്ളതാണു് സ്വാതന്ത്ര്യം എന്നുതന്നെ വക്കുക. ഇന്നിവിടെ ആ സ്വാതന്ത്ര്യം എത്രപേർക്കുണ്ടു്? സമൂഹജീവിതത്തിന്റെ ഉയർന്ന തട്ടിൽ സ്വൈരവിഹാരം നടത്തുന്ന ഒരുപിടി ''ഭാഗ്യവാന്മാർക്കു്'' എന്തിനുമിവിടെ പ്രത്യക്ഷവും പരോക്ഷവുമായസ്വാതന്ത്ര്യങ്ങൾ ലഭ്യമാണു്. അവർക്കു് സുഖഭോഗങ്ങളിൽ യഥേഷ്ടം മുഴുകാൻ പടച്ചുവച്ച സ്വാതന്ത്ര്യസങ്കൽപം അദ്ധ്വാനിക്കുന്ന ഭൂരിപക്ഷവർഗ്ഗത്തിനു മാന്യമായ ജീവിതം അസാദ്ധ്യമാകുന്നതാണു്. സമൂഹത്തെ ഉദ്ബുദ്ധമാക്കേണ്ട സാഹിത്യകാരനു് ഈ സ്വാതന്ത്ര്യസങ്കല്പം ആരാധ്യമാണോ? സാമൂഹികമായി അടിമത്തത്തെ അവഗണിക്കുകയും വ്യക്തിപരമായി സ്വാർത്ഥതാപൂർണ്ണമായ സ്വാതന്ത്ര്യത്തെ പരിഗണിക്കുകയും ചെയ്യുന്നതാണോ സാഹിത്യകാരന്റെ ധർമ്മം? വ്യക്തിസ്വാതന്ത്ര്യത്തിന്റെ പരിശുദ്ധിയെ വാനോളം പുകഴ്ത്തുന്ന ബൂർഷ്വാ സംസ്ക്കാരത്തെ ക്രിസ്റ്റഫർ കോഡ്വൽ തുറന്നു കാട്ടിയിരിക്കുന്നു. ഏന്താണു് കർത്തവ്യമെന്നു് മനുഷ്യൻ കലയിലൂടെ മനസ്സിലാക്കുന്നു: അതിലൂടെ അന്ത:സത്ത കണ്ടെത്തുന്നു. ബൂർഷ്വാവർഗ്ഗം സൗന്ദര്യത്തിനു് നേരെ കണ്ണടച്ചും ശാസ്ത്രത്തിനെതിരെ പുറംതിരിഞ്ഞും നിന്നുകൊണ്ടു് അവസാനംവരെ സ്വന്തം വിഡ്ഢിത്തങ്ങൾ അനുവർത്തിക്കുന്നു. ഇതെല്ലാം എന്തിന്റെപേരിൽ എന്നുചോദിച്ചാൽ വ്യക്തിസ്വാതന്ത്ര്യത്തിന്റെപേരിൽ എന്നാവും മറുപടി.

10550



മനുഷ്യൻ സമൂഹജീവിയാണു്. സമൂഹത്തെ രൂപപ്പെടുത്തുകയും പരുവപ്പെടുത്തി ഭരിക്കുകയും ചെയ്യുന്ന ശക്തി സാമ്പത്തികവുമാണു്. ഉള്ളവനും ഇല്ലാത്തവനും ഒരുപോലെ അനുഭവിക്കുന്നതാവണം സ്വാതന്ത്ര്യം. അതു് പ്രത്യേകവിഭാഗങ്ങൾക്കുമാത്രം അനുവദിച്ചു കൊടുക്കുന്ന സമ്പദ്ഘടന തകർക്കപ്പെടണം. സ്വാതന്ത്ര്യത്തെ മാനിക്കുന്ന സാഹിത്യകാരൻ, അതാർക്കും ഉണ്ടാകണമെന്നാഗ്രഹിക്കുന്നുണ്ടെങ്കിൽ, ഭൂരിപക്ഷം വരുന്ന അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ ആവശ്യബോധമുള്ളവരാക്കി, ആശയങ്ങളുടെ ആയുധമണിയിച്ചു്, ആവേശഭരിതരാക്കി, മഹത്തായ സാമൂഹിക വിപ്ലവത്തിനു് അവർക്കു് മാർഗ്ഗദർശനം നൽകുകയാണുവേണ്ടതു്. അതിനു വ്യക്തമായ ലക്ഷ്യബോധമാണാവശ്യം. നമ്മുടെ അത്യന്താധുനികന്മാർക്കു് ഇല്ലാത്തതും ഇതാണു്. സ്വന്തം കാലഘട്ടത്തിലെ വർഗ്ഗബന്ധത്തേയും സംഘർഷത്തേയും വർഗ്ഗസംഘട്ടനത്തേയും വിസ്മരിക്കാൻ മനുഷ്യസ്നേഹിയായ സാഹിത്യകാരനു് അസാദ്ധ്യമാണു്. എന്നു മാത്രം പറയട്ടെ.

ആർ. വിശ്വനാഥൻനായർ

PG Library & Research Center

# സാഹിത്യകാരൻെറ സ്വാതന്ത്ര്യം

ഇതു് എന്നുമെന്നും ഒരു ചച്ചാവിഷയമാണു്.

അപാരമായ കാവ്യസംസാരത്തിൽ കവി പ്രജാപതിയാണു്. കവിക്കു സർഗാത്മക കാര്യങ്ങളിലുള്ള സ്ഥാനം അദ്വിതീയമാണു്. ഇക്കാര്യം നിഷേധിക്കാനാരുണ്ടു് ?

എന്നാൽ, സാമൂഹ്യമുന്നേററത്തിൻെറ നിയമങ്ങളെ ലംഘിക്കാൻ, മനുഷ്യത്വത്തെ ധിക്കരിക്കാൻ, പുരോഗതിയെ തടയാൻ ഏതു കൊലകൊമ്പൻ സാഹിത്യകാരനും സ്വാതന്ത്ര്യമുണ്ടോ ? സോഷ്യലിസ്റ്റ് സംസ്കാരത്തെ ദുഷിക്കാൻ, തൊഴിലാളിവർഗ്ഗത്തെ പുച്ഛിക്കാൻ, ശാസ്ത്രീയ സോഷ്യലിസത്തെ ''വിയർപ്പുനാറുന്ന പീറക്കുപ്പായ''മെന്നധിക്ഷേപിക്കാൻ, വഞ്ചകന്മാർക്കൊററുനിൽക്കാൻ, സാഹിത്യകാരനു് അവകാശമുണ്ടോ ? അതാണു ചോദ്യം.

സാഹിത്യകാരൻെറ സ്വാതന്ത്ര്യത്തിനു് പരിമിതികളുണ്ടു്. മററാരും അടിച്ചേല്പിക്കുന്നതല്ല ഈ പരിമിതി; സ്വയം സ്വീകരിക്കുന്നതാണു്. ഇങ്ങനെ ഒരു പരിമിതിയും തങ്ങൾക്കു് ഇല്ലെന്നു് വീമ്പു പറയുന്നവരാണു് മുതലാളിത്തത്തിൻെറ ആധുനിക കോമരങ്ങൾ.

# സാഹിത്യകാരന്റെ സ്വാതന്ത്ര്യം

എഡിററർ
പി. ടി. ഭാസ്കരപ്പണിക്കർ

സോഷ്യലിസ്റ്റ് സാഹിത്യസമിതി
പ്രസിദ്ധീകരണം

894.8124

STEPS
സ്റ്റെപ്പ്സ്
തിരുവനന്തപുരം

Indic Digital Archive Foundation
gpura.org